# Reaching Out

Quarterly of Pain and Palliative Care Society, Thrissur

VOLUME 17 ● ISSUE 1 ● JUNE 2020



# തലമുറകൾ

ഇന്ദിര കെ.എ

പണ്ടൊരിയ്ക്കൽ (അത്ര പണ്ടൊന്നുമല്ല ഒരു ഒന്നര ദശാബ്ദം മുമ്പ്) കേളികേട്ട ആർ.എൻ.എ. സാഴ്സ് വൈറസ് കുലത്തിലെ കുറച്ചു കുഞ്ഞുങ്ങൾ തിരക്കേറിയ ചീനച്ചന്തയുടെ ആകാശത്തിൽ പറന്നുകളിയ്ക്കാനിറങ്ങി. വാഹനം വവ്വാൽ. ആകാശം അസ്തമയത്തിൽ ആറാടി നിന്നു. തലേദിവസം പെയ്ത മഴയിൽ കുതിർന്ന മൺകട്ടകൾ പൊട്ടിച്ച് രാപ്പാറ്റകൾ ആർത്തു വന്നുകൊണ്ടിരുന്നു. ഇളമുറക്കാരികൾ കൂടുതൽ ദൂരത്തേക്കും ഉയരത്തിലേയ്ക്കും പാറിപ്പോകാനൊരുമ്പെട്ടപ്പോൾ ഏട്ടത്തിമാർ അവരെ വിലക്കി: അരുത് കുഞ്ഞുങ്ങളേ നിങ്ങൾക്കു വഴി തെറ്റും.

അനിയത്തിമാർ ആശ്വസിപ്പിച്ചു. ഇല്ല ഏട്ടത്തിമാരേ. ഞങ്ങളുടെ വഴി അതാണ്. ആകാശത്തിന്റെ അപാരത അവരിൽ ആവേശിച്ചു. ഏട്ടത്തിമാരേ, നിങ്ങൾ കേൾക്കുന്നില്ലേ, മറ്റു ദേശങ്ങളിൽ നിന്നുള്ള വിളികൾ, ശബ്ദങ്ങൾ? ഞങ്ങൾക്ക് അവിടെയൊക്കെ പോകണം. അവിടങ്ങളിലെ ആൾക്കാരെ അറിയണം. എന്തായാലും ഞങ്ങൾ തിരിച്ചുവരും. അതിനിടെ ഏട്ടത്തിമാർ ഞങ്ങളെ മറക്കുമോ? അക്ഷമ അരുത്, കുഞ്ഞുങ്ങളേ. ഏട്ടത്തിമാർ നിങ്ങളെ പിൻവിളിയ്ക്കുകയല്ല. പക്ഷെ, സമയമായില്ല. സമയമാകുമ്പോൾ ഞങ്ങളുമുണ്ടാകും നിങ്ങളുടെ കൂടെ. തട്ടകമുപേക്ഷിയ്ക്കുമ്പോൾ നമുക്ക് നമ്മുടെ പിതാമഹന്മാരുടെ അനുവാദവും ആശീർവാദവും അനുഗ്രഹവും വേണം. നമ്മുടെ മുൻഗാമികളായ സാഴ്സ് മുത്തിയമ്മമാരെ നിങ്ങൾ മറന്നോ? അവരെത്ര ദൂരങ്ങൾ താണ്ടിയാണ് ഇവിടെ വന്ന് പാർപ്പാക്കിയത്! അവർ തുടങ്ങി വെച്ചത് തുടരുകയാണ് നമ്മുടെ ദൗത്യം. മധുര മനോഹര മനോജ്ഞമായ ഈ നാട്ടിലെ പ്രജനനസൗഹൃദപരമായ ആവാസ വ്യവസ്ഥയുപേക്ഷിച്ച് നിങ്ങളെങ്ങോട്ടാണ് കുതിയ്ക്കുന്നത്? നമ്മുടെ വംശപരമ്പരയുടെ പേരും പെരുമയും ഉയർത്തുമെന്ന് മുൻഗാമികളെ ബോദ്ധ്യപ്പെടുത്തണം. നമ്മളും നമ്മുടെ പൊടിപ്പുകളും പെറ്റുപെരുകി പ്രപഞ്ചം മുഴുവൻ പടരുമെന്ന വാഗ്ദാനം നല്കണം. ഇത് നമ്മുടെ കർമ്മവും നിയോഗവുമാണ്. ജന്മാന്തരങ്ങളിലൂടെ കൈമാറേണ്ടത്.

കാലാന്തരേ, നിരവധി പരിണാമങ്ങൾക്കു വിധേയരായി ആകാരഗരിമയിലും ആന്തരിക ശക്തിയിലും അവർ കൂടുതൽ അകർഷണീയരും കരുത്തരുമായി. നവരത്നഖചിതമായ കിരീടാകൃതി അവർക്ക് കൂടുതൽ ചന്തം ചാർത്തി. അതുകൊണ്ട് മനോഹാരിയായ പുത്തൻ തലമുറ സാഴ്സ് സന്തതികൾ നവകൊറോണ എന്ന നാമകരണത്തിന് അർഹരായി. ഉത്തരവാദിത്വം അവരെ ഉത്സുകരാക്കി. അവിശ്വനീയമാം വിധം ചടുലമായിരുന്നു അവരുടെ മുന്നേറ്റം. വൈറസുകളുടെ ജീവിതത്തിനും അതിജീവനത്തിനും വിജയത്തിനും പരശരീരങ്ങൾ ആവശ്യമാണെന്ന് അവർക്കറിയാമായിരുന്നു. ജന്തുജീവികളിൽ പലതിനേയും അവർ പരീക്ഷിച്ചു. പക്ഷികളുടെയും കൊച്ചു മൃഗങ്ങളുടെയും ശരീരത്തിൽ ഇടം കുറവായിരുന്നു. അവയുടെ പ്രസരണശേഷിയും പരിമിതമായിരുന്നു. അതുകൊണ്ട് അവർ മനുഷ്യശരീരങ്ങളിൽ കുടിയേറിപ്പാർത്തു. വലിയ കോളനിയുണ്ടാക്കി. ആവാസത്തിന് അനുയോജ്യമാണ് മനുഷ്യശരീരത്തിന്റെ ഊഷ്മാവും ഉർവ്വരതയും എന്നത് അവരെ ഉന്മത്തരാക്കി. അവരുടെ ചാരപ്രകൃതി – പരിധിയും പരിമിതിയുമില്ലാത്ത മനുഷ്യസഞ്ചാരം കൊറോണകളുടെ ആഗോളവ്യാപനമെന്ന സ്വപ്നം സഫലമാക്കിക്കൊണ്ടിരുന്നു.

പലപല വൻകരകളും ഭൂഖണ്ഡങ്ങളും ദ്വീപസമൂഹങ്ങളും അവർ സന്ദർശിച്ചു. ചിലയിടങ്ങളിൽ തമ്പടിച്ചു. മഹാസമുദ്രങ്ങൾ താണ്ടി. മനുഷ്യസൃഷ്ടമായ അതിരുകളും മതിലുകളും അവർ അപ്രസക്തമാക്കി. കറുപ്പും വെളുപ്പും മഞ്ഞയും തൊലിനിറമുള്ളവരിൽ അവർ ഒരുപോലെ കുടിയേറി. ഇംഗ്ളണ്ടിലെ രാജ്ഞിയുടെ രാജധാനിയിലും അമേരിക്കൻ മന്ത്രിയുടെ കൊട്ടാരത്തിലും ജർമ്മൻ ചാൻസലരുടെ ഔദ്യോഗിക പ്രഭുവസതികളിലും ധാരാവിയിലെ ചേരികളിലെ കുടിലുകളിലും അവർ ഒരുപോലെ മദിച്ചു. ഒളിംപിക്സിന്റെ നാടായ ഗ്രീസും റോമും ഇറ്റലിയും ഇസ്രായിലും പലസ്റ്റീനും ലോക കലാസാംസ്കാരിക തലസ്ഥാനമായ ഫ്രാൻസും കാളപ്പോരിന്റെ നാടായ സ്പെയിനും കാപ്പിയുടേയും കാൽപ്പന്തിന്റെയും കേന്ദ്രമായ ബ്രസീലും എണ്ണപ്പണമൊഴുക്കുന്ന ഗൾഫ് നാടുകളും ഇറാനും ഇറാഖും അവരുടെ രൗദ്രമായ കളിയിടങ്ങളായി. പോയയിടങ്ങളിലെല്ലാം അവർ ഭ്രാന്തമായ ആവേശത്തോടെ നാശം വിതച്ചു. ഏതൊരു ഫംഗസ്സും വൈറസ്സും കൊതിയ്ക്കുന്ന ഹിംസാത്മകമായ ഉന്മാദാവസ്ഥ! അസൂയാർഹമായ ഊർജ്ജവും ഊറ്റവും!

വൈറസിന്റെ സംഘശക്തിയെക്കുറിച്ച് അവരെന്നും അഹങ്കരിച്ചിരുന്നു. ഈസ്റ്ററിന്റെ ഉയിർത്തെഴുന്നേല്പുനാളിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മൂകമായ ചത്വരത്തിന്റെ പടവുകൾ. ഏകാകിയായി നടന്നു കയറിയ, ആളില്ലാ അങ്കണത്തിൽ മുഖാവരണമണിഞ്ഞ് കുർബ്ബാനയെത്തിച്ച വിശുദ്ധനായ പോപ്പ് തിരുമേനി ഏകാന്തതയുടെ ആൾരൂപമായിത്തോന്നി, അവർക്ക്. തൃശ്ശൂർ പൂരദിവസം ആളും ആരവവു മില്ലാത്ത നിർജനമായ പൂരപ്പറമ്പിനു നടുവിൽ ധ്യാനത്തിലായ വടക്കുംനാഥൻ ക്ഷേത്രം അവരെ രസിപ്പിച്ചു. ശബ്ദരഹിതമായ വിസ്ഫോടനം!

വിട്ടുപോന്ന ജന്മനാട്ടിലെയ്ക്ക് തിരിച്ചെത്തണം. എന്നാലും നവകൊറോണ വൈറസുകൾ ആശങ്കപ്പെട്ടു: കോവിഡ് -19 അധിനിവേശാനന്തര ലോകത്തിൽ മനുഷ്യർ ഒരു പുതിയ ആരോഗ്യകരമായ പെരുമാറ്റച്ചട്ടം ശീലിച്ചതിന്, ഒരു പുതിയ ജൈവസംസ്കാരത്തിന്റെ സാമൂഹ്യപാഠം ഉൾക്കൊണ്ടതിന്, അതിലൂടെ മാലിന്യശൂഷ്ക്കമായ, വെടിപ്പുള്ള ഒരു പുതിയ ആകാശവും ഭൂമിയും തിരിച്ചെടുക്കുവാൻ പരിശ്രമിയ്ക്കുന്നതിനൊക്കെ, തങ്ങൾക്കു യാത്രാനുമതി നല്കിയ പൂർവ്വഗാമികൾ കോപിയ്ക്കുമോ? അത് നവ തലമുറ കൊറോണയുടെ അനാസ്ഥയും കർമ്മലോപവുമായിക്കരുതി കലികൊണ്ട് പുതിയ പടയ്ക്കു കോപ്പുകൂട്ടാൻ കല്പിയ്ക്കുമോ?

# എഡിറ്റോറിയൽ


# Reaching Out

Quarterly of Pain and Palliative Care Society, Thrissur

VOLUME 17 ● ISSUE 1 ● JUNE 2020

Reg. No. : 591/97
Old District Hospital Building, Thrissur - 680 001
Ph : 0487 - 2322128

www.painandpalliativecarethrissur.org
e-mail : ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thrissur
Editor : Secretary, PPCS
Editorial Assistance : C.A. Riji
Lay-out & Printed at : iMAC Creations, Thrissur
Cover : Drawing by Ardra R,. MSW, Central University, Kasargod



*This issue sponsored by*
**SRI VARI AUTO MOTIVES**
KARUNAKARAN NAMBIAR ROAD
THRISSUR


**ഡോ. ഇ. ദിവാകരൻ**

കോവിഡ് മഹാമാരി ആറുമാസം പിന്നിടുന്ന ഈ സമയം ലോകമാകമാനം ഒന്നേകാൽ കോടി ജനങ്ങൾ രോഗത്തിനടിമപ്പെടുകയും അഞ്ചരലക്ഷത്തിലേറെപ്പേർ മരിക്കുകയും ചെയ്തിരിക്കുന്നു. ഈ സംഖ്യകൾ ദിനം പ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. കോവിഡിനെ പ്രതിരോധിക്കാനുള്ള നടപടികളുടെ ഫലമായി ദുരിതത്തിലാഴ്ത്തപ്പെട്ടവരുടെ സംഖ്യ ഇതിലും വലുതായിരിയ്ക്കും. മുൻപരിചയമില്ലാത്ത ഒരു രോഗാണു ഒരു ഇരുട്ടടിപോലെ ആക്രമിച്ചപ്പോൾ പകച്ചുപോയ ലോകം ഇന്ന് ഈ രോഗത്തെ മെരുക്കാനുള്ള ഉപായങ്ങൾ കണ്ടുപിടിച്ചു കൊണ്ടിരിക്കുന്നു. സമനില വീണ്ടെടുത്ത മനുഷ്യസമൂഹം ഇന്ന് ഒരു തിരിഞ്ഞുനോട്ടത്തിന്റെയും കണക്കെടുപ്പിന്റെയും ഘട്ടത്തിലാണ്. ഇതൊരാവശ്യം തന്നെയാണ്.

നമ്മുടെ ഭരണ സംവിധാനങ്ങളുടെ മുൻഗണനകളെപ്പറ്റിയും നമ്മുടെ ധാർമ്മികതയുടെ ഉള്ളുറപ്പിനെപ്പറ്റിയും നമ്മെ അലോസരപ്പെടുത്തുന്ന ഒരുപാട് ചോദ്യങ്ങൾ ഈ കാലം ഉയർത്തുന്നുണ്ട്.

2020 മാർച്ച് 25-ാം തിയ്യതി അടച്ചിടൽ പ്രഖ്യാപിച്ച ശേഷം നമ്മുടെ നാട്ടിൽ സംജാതമായ അവസ്ഥയെ ഭരണസംവിധാനം എങ്ങനെയാണ് കൈകാര്യം ചെയ്തതെന്നത് പഠനാർഹമായ ഒരു വിഷയമാണ്. നികുതിയിളവുകളും, സാമ്പത്തിക ഉത്തേജന പാക്കേജുകളും അപ്രസക്തമായ വലിയ ഒരു ജനവിഭാഗം നമ്മുടെ നാട്ടിലുണ്ടെന്നത് തിരിച്ചറിയാൻ ഏറെ വൈകി എന്നതാണ് വാസ്തവം. 2017-ലെ ഒരു സർവ്വേ കാണിക്കുന്നത് അന്തർസംസ്ഥാന തൊഴിലാളുകളുടെ എണ്ണം 600 ലക്ഷത്തോളം വരുമെന്നാണ്. ഭരണ സംവിധാനത്തിന് ഇക്കൂട്ടർ അദൃശ്യരായിരുന്നു എന്നുവേണം കരുതാൻ. പെട്ടെന്നൊരു അടച്ചിടൽ പ്രഖ്യാപിക്കുമ്പോൾ തൊഴിലും പാർപ്പിടവും നഷ്ടപ്പെടുന്ന ഇവർ എന്തു ചെയ്യുമെന്ന് ആരും ആലോചിച്ചില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിൽ ഈ അശരണരുടെ സ്ഥാനം എന്തായിരുന്നു എന്ന് മാധ്യമ പ്രവർത്തകനായ പ്രകാശ് ഭൂവൻ മേത്ത വളരെ കൃത്യമായി അടയാളപ്പെടുത്തുകയുണ്ടായി. "ഈ ദരിദ്രർ ഒന്നുകിൽ ഒരു വീണ്ടുവിചാരം; അല്ലെങ്കിൽ മുല്യമില്ലാത്ത ഒരു ചേതം" എന്ന നിലയ്ക്കു മാത്രമാണ് പരിഗണിയ്ക്കപ്പെട്ടത്. "In the entire framing of the problem, the poor has been at best an afterthought, at worst expendable damage" ഇതിന്റെ ഫലമായി ദൃശ്യമാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും നാം കണ്ട ഹൃദയഭേദകമായ കാഴ്ചകൾ ഇവിടെ വിവരിക്കേണ്ട

ആവശ്യമില്ലാത്ത വിധം നമ്മുടെ പൊതുബോധത്തിൽ ആഴത്തിലുള്ള മുറിവേല്പിച്ചതാണ്.

ഭരണകൂടത്തിന്റെ മനോഭാവം ഇത്തരം അശരണരോടുള്ള സമീപനത്തിൽ എങ്ങനെ ഗുണപരമായ മാറ്റം വരുത്താം എന്നതിന്റെ ഉത്തമോദാഹരണമാണ് കേരളത്തൽ നാം കണ്ടത്. കുടിയേറ്റത്തൊഴിലാളി എന്ന സംജ്ഞ തന്നെ മാറ്റി അവരെ അതിഥിത്തൊഴിലാളികളെന്ന് നാമകരണം ചെയ്തതോടെത്തന്നെ അവരുടെ അന്തസ്സ് അംഗീകരിയ്ക്കുകയായി. പലായനം ചെയ്യാനിരുന്ന നാലു ലക്ഷത്തോളം അതിഥി തൊഴിലാളികളെ പാർപ്പിക്കാൻ 18,912 കാമ്പുകളുണ്ടാക്കി അവർക്ക് അവിടെ ആവുന്നത്ര സുഖപ്രദമായി ജീവിക്കാൻ വേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കുകയുണ്ടായി.

ഇത്തരം അടച്ചിടലുകൾ നൈതികവും പ്രായോഗികവുമായ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. ഒരു പൊതുനന്മയ്ക്കുവേണ്ടി വ്യക്തി സ്വാതന്ത്ര്യം എത്രത്തോളം മാറ്റിവക്കാം? അടച്ചിടലും സാമൂഹ്യ അകലം പാലിക്കലും പൊതുജനങ്ങളെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ നിന്നും മാറ്റിനിർത്തുമ്പോൾ ജനാധിപത്യ സംവിധാനത്തിനുണ്ടാകാനിടയുള്ള പരിക്കുകളെത്രത്തോളം എന്നത് പഠനാർഹമായ ഒരു വിഷയം തന്നെയാണ്.

ഇന്ത്യയിൽ ഏറ്റവും ആദ്യമായി കോവിഡ് രോഗനിർണ്ണയം നടന്നത് കേരളത്തിലാണ്; ജനുവരി മാസത്തിൽ. ഈ മഹാമാരിയെ ഏറ്റവും ഫലപ്രദമായി നേരിട്ടതും കേരളം തന്നെയാണ്. ദേശീയവും അന്തർദേശീയവുമായ അംഗീകാരവും അനുമോദനവും ഇക്കാര്യത്തിൽ കേരളത്തിന് ലഭിയ്ക്കുകയും ചെയ്തു. നമ്മുടെ വിജയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം കേരളത്തിലെ സജീവമായ പൊതുജനാരോഗ്യ സംവിധാനമാണ്. ലോകത്തെവിടേയും നിർദ്ദേശിക്കപ്പെട്ട കൈ കഴുകൽ, മാസ്ക് ധരിയ്ക്കൽ, ശാരീരിക അകലം പാലിക്കൽ എന്നിവ തന്നെയാണ് കേരളത്തിലും നടപ്പാക്കിയത്. ഇത്തരം പ്രതിരോധ പ്രവർത്തനങ്ങളുടെ വിജയം അതെല്ലാം എത്രത്തോളം ജനങ്ങൾ സ്വീകരിച്ചു എന്നതിലാണ്. മറ്റു സംസ്ഥാനങ്ങളിൽ അത് ഒരു നിർബന്ധിത പരിപാടിയായപ്പോൾ കേരളത്തിൽ അത് ജനങ്ങൾ സർവ്വാത്മനാ സ്വീകരിച്ച് സ്വയം നടപ്പാക്കി എന്നതാണ് വ്യത്യാസം. അതിനുള്ള കാരണമാകട്ടേ, കേരളീയരുടെ പൗരബോധവും, പൊതുജനാരോഗ്യ കാര്യങ്ങളിലുള്ള അവബോധവുമാണ്. ഒരു രോഗിയെ കണ്ടെത്തിക്കഴിഞ്ഞാൽ അവരുടെ യാത്രാപഥം തയ്യാറാക്കുന്നതിലും അവരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുന്നതിലും ആരോഗ്യപ്രവർത്തകർക്ക് തുണയായത് പൊതുജനങ്ങളുടെ ഈ ജാഗ്രത തന്നെയാണ്. പൊതുജനാരോഗ്യം എന്നത് ഒരു സർക്കാർ സംവിധാനം എന്നതിലുപരി പൊതുജനങ്ങളുടെ രാഷ്ട്രീയമായ പ്രബുദ്ധതയുടെ ഒരുല്പന്നം കൂടിയാണെന്ന് ഇത് തെളിയിച്ചു. ശ്രദ്ധേയനായ ഭിഷഗ്വരൻ ഡോക്ടർ റൂഡോൽഫ് വിർഖോവ് പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ പറഞ്ഞുവെച്ചതാണല്ലോ “ആരോഗ്യപരിപാലനം രാഷ്ട്രീയപ്രവർത്തനമാണ് ” (Medicine is Politics)

ദുരിതങ്ങൾ മനുഷ്യനിലെ നന്മയെ പുറത്തുകൊണ്ടുവന്ന സന്ദർഭങ്ങൾ നാം പ്രളയ കാലത്ത് കണ്ടതാണ്. ഈ കോവിഡ് കാലത്തും മനുഷ്യർ തന്റെ സഹജീവികളോട് കാണിക്കുന്ന കരുതലിന്റെയും കരുണയുടേയും നിരവധി സന്ദർഭങ്ങൾ കാണുകയുണ്ടായി. പ്രാദേശികതലത്തിലും വൈയക്തികതലത്തിലും കാണപ്പെട്ട ഈ സൗമനസ്യം അന്താരാഷ്ട്രതലത്തിലും കാണാൻ കഴിഞ്ഞു എന്നത് ഒരാശ്വാസമാണ്. ലോകം മുഴുവൻ; വികസിത രാജ്യമെന്നോ വികസ്വര രാജ്യമെന്നോ വേർതിരിവില്ലാതെ ഒരൊറ്റ ശത്രുവിനെതിരയായി തിരിഞ്ഞ ഈ സന്ദർഭം പരസ്പര സഹകരണത്തിന്റെ ആവശ്യകതയെ സംശയാതീതമായി തെളിയിച്ചു. ഓക്സ്ഫോർഡ് ടെക്സ്റ്റ് ബുക്ക് ഓഫ് പാലിയേറ്റീവ് മെഡിസിനിൽ യാൻ സ്റ്റെൻസ് വാർഡും, സാൻട്രോ പാംപില്ലോണയും ചേർന്ന് തയ്യാറാക്കിയ ‘പാലിയേറ്റീവ് കെയർ – ഗ്ളോബൽ പെർസ്പെക്ടീവ് ’എന്ന അദ്ധ്യായത്തിൽ ഇപ്രകാരം പറയുന്നുണ്ട്. “വികസിത രാഷ്ട്രങ്ങൾക്ക് ഉദാത്തമായ ഒരു ഭാവിയും, വികസ്വര രാഷ്ട്രങ്ങൾക്ക് മറ്റൊരു ഭാവിയും എന്നത് സംഭാവ്യമല്ല. ഒന്നുകിൽ സംയുക്തമായ ഒരേ ഒരു ഭാവി, അല്ലെങ്കിൽ ഒന്നുമില്ല”. (There cannot be an ideal future for the developed nations and another future for the developing nations. It is either one joint future or non- Jan Stjerns ward and Sandro Pampillona). ഈ ഒരു നിരീക്ഷണം അക്ഷരംപ്രതി ശരിയാണെന്ന് സ്ഥാപിക്കുന്നതായിരുന്നു കോവിഡ് കാലാനുഭവം.

എന്താണ് ചുരുക്കത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനാനുഭവം നമുക്ക് നൽകുന്ന പാഠം? കോവിഡ് മാതിരിയുള്ള മഹാമാരിയെ നേരിടേണ്ടത് ശാസ്ത്രബോധത്തിൽ അടിസ്ഥാനപ്പെടുത്തിയതും ധാർമ്മികതയാൽ പ്രചോദിതവുമായ ഒരു സമീപനത്തിലൂടെയാവണം. ആരോഗ്യപരമായ ഏതുവിഷയവും ശാസ്ത്രീയമായിത്തന്നെയാണ് കൈകാര്യം ചെയ്യേണ്ടത് എന്നാൽ ആ പ്രവർത്തനത്തിൽ ധാർമ്മികത ചോർന്നുപോയാൽ മാനവികതയ്ക്കുണ്ടാകുന്ന നഷ്ടം ഭീകരമായിരിയ്ക്കും.

# നമ്മുടെ കൊറോണ

● ഡോ. സജിത ടി.എ.

കൊറോണയുടെ വ്യാപനവ്യാപ്തിയുടെ ആശങ്കയോടെയാണ് മാർച്ച് മാസം തുടങ്ങിയതു തന്നെ. നമ്മുടെ ഐപിയിൽ മരണപ്പെട്ട വ്യക്തിയുടെ മകൻ ഗൾഫിൽ നിന്നു വന്നിട്ട് അധികം ദിവസങ്ങൾ ആയില്ല എന്ന ഞെട്ടലാണ് കൊറോണ കാലഘട്ടത്തിലെ ആദ്യഭാഗം. കെറോണയോ? ഇവിടെയോ? ഒരിക്കലും ഇല്ല എന്ന അഹങ്കാരത്തിൽ നിന്നും ഹാവൂ... രക്ഷപ്പെട്ടു! എന്ന ആശ്വാസം വരാൻ രണ്ടാഴ്ചയോളം എടുത്തു.

കൊറോണയുടെ രണ്ടാം തരംഗത്തെ മുന്നിൽ കണ്ട് മാർച്ച് മാസം രണ്ടാം പകുതിയിൽ ഒരു അസാധാരണ സ്റ്റാഫ് മീറ്റിങ്ങ് കൂടി. അതിന്റെ ആവശ്യകതയും പ്രയോജനവും അതിനടുത്ത ദിവസങ്ങളിൽ നന്നായി ബോധ്യപ്പെട്ടു. സ്റ്റാഫിന്റെ ഡ്യൂട്ടി പാറ്റേൺ, ഹോംകെയറിനു പോകുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ, മാസ്ക്ക് നിർബന്ധമാക്കേണ്ട ആവശ്യകത എല്ലാം ചർച്ച ചെയ്തു. അപ്പോൾ മുതൽ ക്ളിനിക്കിൽ എല്ലാവരും കൊറോണക്ക് എതിരെയുള്ള യുദ്ധത്തിന് സജ്ജരായി. മുതിർന്നവർ സ്വമേധയാ ക്വാറന്റൈനിലിരുന്ന് സൊസൈറ്റിയെ നയിക്കാൻ തീരുമാനിച്ചു. ഈ മഹാമാരി ഒന്നോ രണ്ടോ ആഴ്ചയ്ക്കപ്പുറം പോകില്ലെന്നാണ് മനസ്സിൽ കരുതിയത്.

പിന്നത്തെ ആഴ്ചയോടെ സ്ഥിതിഗതികൾ മാറി മറിഞ്ഞു. ഇന്ത്യയിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. ആദ്യത്തെ കൗതുകം, ഭീതിയിലേക്കും പിന്നീട് ജാഗ്രതയിലെക്കും തിരിഞ്ഞു. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും കൊറോണ മാത്രമായി. ആ ദിവസങ്ങളിൽ എല്ലാവരെയും കൊറോണ കണ്ണുകളിലൂടെയാണ് കണ്ടിരുന്നത്. ഫിസിയൊതെറാപ്പി / ഐപി സേവനങ്ങൾ താല്ക്കാലികമായി നിർത്തിവെച്ചു. ക്യാബിനിൽ നിന്ന് ഒപി ഹാളിലേയ്ക്ക് മാറ്റി. രണ്ടുമേശയ്ക്ക് അപ്പുറവും ഇപ്പുറവും ഇരുന്ന് സംസാരിച്ചു. മാസ്ക്ക് നിർബന്ധമാക്കി. ഹാൻഡ് വാഷിന്റെ എല്ലാ സ്റ്റെപ്പ്സും ആവർത്തിച്ചു ചെയ്തു. സാമൂഹിക അകലം പാലിക്കാൻ ശ്രമിച്ചു. മിനിമം ഇന്ററാക്ഷൻ മതിയെന്നാക്കി. കണ്ടയ്മെന്റ് ഏരിയയിൽ നിന്നും വരുന്നവരെ പ്രത്യേകം ശ്രദ്ധിച്ചു. വീട്ടിൽ ആരെങ്കിലും ക്വാറന്റൈനിൽ ഇരിക്കുന്നുണ്ടോയെന്ന് ചോദിച്ച് ഉറപ്പിച്ചു. ഹോംകെയർ അത്യാവശ്യഘട്ടങ്ങളിൽ മാത്രമെന്നാക്കി. ക്ളിനിക്കിൽ വരാൻ പറ്റാത്തവരെ ഫോണിൽ വിളിച്ച് നിർദ്ദേശങ്ങൾ നൽകി. എല്ലാവരും കൂടി കേസ് ഷീറ്റ് ട്രേസ് ഒതുക്കിചുരുക്കി.

ഇന്ത്യയിലെ ആദ,്യത്തെ കൊറോണ രോഗി നമ്മുടെ മുറ്റത്തു വന്നിട്ടുപോലും നമ്മൾ പതറിയില്ല. കേരളം കൊറോണയെ പിടിച്ചു കെട്ടും എന്ന അവസ്ഥയിൽ എത്തിനിന്നു. പുതിയ രോഗികൾ ഇല്ലാത്ത ദിവസങ്ങളിൽ സമാധാനം തന്നെയായിരുന്നു. അപ്പോഴേയ്ക്കും മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പുതിയ ക്ളസ്റ്ററുകൾ രൂപപ്പെട്ടു തുടങ്ങി. അതോടെ നിരാശയായി. അപ്പോഴും തൃശ്ശൂരിലോ നമ്മുടെ അരികിലോ കൊറോണ എത്തുമെന്ന് കരുതിയില്ല. നമ്മുടെ ആരോഗ്യപരിപാലന വ്യവസ്ഥയുടെയും രോഗപ്രതിരോധനത്തിന്റെയും ആഴവും വ്യാപ്തിയും അളന്നു കുറിച്ച് മനസ്സിലാക്കി. ആരോഗ്യപ്രവർത്തകരുടെ സ്ഥിരോത്സാഹവും അർപ്പണബോധവും ലോകത്തിനു തന്നെ മാതൃകയായി. അതിഥി തൊഴിലാളി പ്രശ്നങ്ങൾ, കെറോണ മരണങ്ങൾ, ആരോഗ്യപ്രവർത്തകരിലെ കൊറോണ വ്യാപനം, അന്യരാജ്യങ്ങളിൽ ബുദ്ധിമുട്ടുന്നവരുടെ അവസ്ഥ.... മുതൽ ഇക്കോണമി തകർച്ച, ഇന്ത്യ – ചൈന സംഘർഷം വരെ എല്ലാം മനസ്സിൽ അലയടിച്ചു കൊണ്ടേയിരുന്നു. അടുത്തും അകലെയും ഉള്ളവരെ കുറിച്ച് ആധിയായി. നമ്മുടെ സാമീപ്യം അവർക്ക് ആപത്താകുമോയെന്ന് സംശയമായി. ഈ അസ്വസ്ഥതകൾ കൂടെയുള്ളവരിലേയ്ക്കും പടരുന്നുണ്ടായിരുന്നു. നമ്മുടെ അസഹിഷ്ണുതയ്ക്ക് മുമ്പിൽ അവരുടെ വിനയം അറിയാതെ പോയി.

വീട്ടിൽ ഇരുന്ന ദിവസങ്ങൾ ഒരു പുതുമ ആയിരുന്നു. ഇത്ര അധികം ദിവസങ്ങൾ കുട്ടികൾക്കൊപ്പം ഈയടുത്ത് ഇരുന്നിട്ടേയില്ല. അതൊരു അനുഗ്രഹമായി. വേനൽക്കാലത്തിന്റെ പുണ്യങ്ങളായ ചക്കയും മാങ്ങയും ആഘോഷിച്ചു. പുല്ല് പറിക്കുക, വീട് വൃത്തിയാക്കുക, അടുക്കള പരീക്ഷണങ്ങൾ, മാങ്ങ / ചക്ക പറിക്കൽ, സിനിമ എന്നിങ്ങനെ പോയി. ദിവസവും ദിനപത്രം അരിച്ചുപെറുക്കി. രണ്ടോ മൂന്നോ തവണ വാർത്ത കണ്ടു. കൊറോണ രോഗികളുടെ കണക്കുകൾ വെച്ച് ഗ്രാഫ് ഉണ്ടാക്കിയെടുത്തു. ആദ്യം അന്യരാജ്യങ്ങളിലെ കണക്കുകളിലായിരുന്നു ശ്രദ്ധ. പിന്നീടത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേയ്ക്കായി. ഒടുവിൽ അത് തൃശ്ശൂരിലേക്കും ഇപ്പോൾ വീടിരിക്കുന്ന വാർഡിലേയ്ക്കുമായി ചുരുങ്ങി. ഹോട്ട് സ്പോട്ട്, കണ്ടയ്മെന്റ് സോൺ എന്നെല്ലാം കേൾക്കുമ്പോഴുള്ള പങ്കപ്പാട് സ്വയം കണ്ടയ്മെന്റ് സോണിലായപ്പോൾ അലിഞ്ഞില്ലാതെയായി.

ദിവസങ്ങൾ അനവധി മാറിമറിഞ്ഞു. ഇപ്പോൾ എല്ലാവരുടെയും മനസ്സിൽ ആധി കുറഞ്ഞു. സ്വയം എന്നതിൽ നിന്നും ചുറ്റുമുള്ളവരിലേയ്ക്കും ശ്രദ്ധ തിരിഞ്ഞു തുടങ്ങി. കൊറോണയുടെ മുന്നിലേക്കോടാൻ ശ്രമിച്ചു മടുത്തു. ഇനിയിപ്പോൾ രണ്ട് മീറ്റർ അകലത്തിൽ ഒപ്പമെങ്കിലും ഓടി എത്തിയാൽ മതിയെന്നായി. ഇടയ്ക്കൊക്കെ അറിയാതെ കൈവിരലുകൾ മുട്ടിയാലും വിരോധമില്ലെന്നായി.

ക്ളിനിക്ക് വളരെ പെട്ടെന്ന് നിശബ്ദമായി. എന്നിരുന്നാലും അകലെ ഇരിക്കുന്നവരുടെ കരളിലെ കരുതലും മനസ്സിലെ നന്മയും വഴിഞ്ഞൊഴുകുന്നത് അറിയുന്നു. കാണാതെയിരിക്കുന്നവരുടെ നെടുവീർപ്പുകളും ആകുലതയും മനസ്സിലാകുന്നു. മനസ്സുകൊണ്ട് നാം എല്ലാവരും എല്ലായ്പ്പോഴും ഒപ്പം തന്നെയാണ്. തങ്ങളുടെ ഉയിരിനോളം ഉയർന്നു നിൽക്കുന്ന ഈ സൊസൈറ്റിയുടെ നിലനില്പുതന്നെ ഒരു ചോദ്യചിഹ്നമായപ്പോൾ കാണാപ്പുറങ്ങളിൽ ഇരുന്ന് എല്ലാവരും കൂടി നീട്ടിയ കരങ്ങളിൽ ഇതിന്റെ അടിത്തറ ഭദ്രമായി തന്നെ ഇരുന്നു.

●

# ഇയ്യാംപാറ്റകൾ

**റഹി ബച്ചു**

അല്ലാഹ് കാക്കണേന്ന് പറഞ്ഞു വലത്തോട്ടായി എണീയ്ക്ക് മക്കളെ എന്ന ഉമ്മയുടെ വാക്കുകൾ ഓർത്തുകൊണ്ടാണ് ഓരോ ദിനത്തിന്റെയും ആരംഭം.

ഓ..... 5 മണി കഴിഞ്ഞോ?

ലോക്ക് ഡൗൺ കാരണം പ്രഭാത സവാരി നിർത്തി വെച്ചത് കൊണ്ട് എഴുന്നേൽക്കുന്നതിനൊക്കെ കൃതൃത ഇല്ലാതായി. നമസ്കാരം കഴിഞ്ഞപ്പോഴേക്കും പുറത്ത് വെട്ടം തെളിഞ്ഞു തുടങ്ങി. ഉമ്മറവും മുറ്റവും അടിയ്ക്കാൻ ചൂലെടുത്ത് ഗേറ്റിൽ എത്തിയപ്പോൾ മനസ്സിലായി കശുമാവിനെ കൂട്ടുപിടിച്ച് കാറ്റും കിളികളും അണ്ണാനും കൂടി എനിയ്ക്ക് പതിവുപോലെ പണിതന്നിട്ടുണ്ടെന്ന്. ഇലകളെ തൂത്തുവാരി ഒരു വശത്തേയ്ക്ക് കൂട്ടുമ്പോഴേക്കും വീണ്ടും കാറ്റുവീശി..... എല്ലാ ഇലകളും വീണ്ടും മുറ്റം മുഴുവൻ പരന്നു. അത് കണ്ടു കശുമാവ് എന്നെ നോക്കി കളിയാക്കി ചിരിച്ചു.... ഒപ്പം കാറ്റും. ദേ... മാവേ ഒരുപാട് ആളുകൾ നിന്റെ കടയ്ക്കൽ മഴു വെയ്ക്കാൻ പറഞ്ഞതാ.... ഞാനാണ് നിനക്ക് വേണ്ടി പരിഭവങ്ങളും അടക്കം പറച്ചിലും വകവെയ്ക്കാതെ സംരക്ഷിച്ച് പോരുന്നത്... ഓർമ്മകൾ ഉണ്ടായിരിക്കണം.

മുൻവശത്ത് എപ്പൊഴും ചവറുവീഴില്ലേ....? അടിച്ചുവാരാൻ തന്നെ നേരം കാണൂ....മാങ്ങ ഉണ്ടായാൽ റോഡിലുള്ളവർ കൊണ്ടുപോകില്ലേ....? ഇങ്ങനെ നൂറായിരം പരാതി ആയിരുന്നു നിന്നെ കാണുന്നോർക്കെല്ലാം... അതൊക്കെ തരണം ചെയ്താ ഇത് വരെ എത്തിയതുട്ടോ.... നന്ദി വേണം നന്ദി.......

പിൻവശത്തേക്ക് വന്നപ്പോൾ പിറവിയെടുത്ത കാലം മുതലേ ആസ്ഥാന ഗാനകോകിലമായ കുയിലമ്മയിലൊരാൾ കൂ....കൂ...... പാടുന്നു. ഞാൻ എതിർപാട്ടു പാടി കൂ....കൂ..... എന്തോ വൃത്തികെട്ട സ്വരം കേട്ടമാത്രയിൽ അവൾ ശ്രുതി ആരോഹണത്തിലേയ്ക്ക് മാറ്റി കൂ.....കൂ..... ഞാനും അതേറ്റു പാടി. അവളുടെ ദ്വേഷ്യം കൂടുകയല്ലേ.... എന്നൊരു ശങ്ക. അതെ ഞാൻ പോവ്വാ.... നാളെ കാണാട്ടോ... ഈ 17 സെന്റ് എസ്റ്റേറ്റിൽ നിന്നെ മാത്രം കണ്ടാൽ പോരാ, തേങ്ങ ചിരവിയത് മാത്രം കഴിയ്ക്കുന്ന ഞാൻ പേരിട്ടു വിളിക്കുന്ന കറുപ്പും വെളുപ്പും വാലുള്ള തേങ്ങാക്കി

ളികൾ, പേരയ്ക്ക കൊത്താൻ വരുന്ന തത്തകൾ. ഇണകളെ കണ്ടില്ലെങ്കിൽ അന്വേഷിച്ചു കണ്ടു പിടിയ്ക്കുന്ന എന്റെ മൈനകൾ, സന്തോഷം വന്നാലും സങ്കടം വന്നാലും ശബ്ദം ഉണ്ടാക്കുന്ന കാക്കകൾ.... ഇവരാക്കെ ഉണ്ട്, അപ്പൊ ശരി...... ഞാൻ കുയിലമ്മയുടെ നേരെ വിനയാന്വിതയായി യാത്രപറഞ്ഞു.

പെട്ടെന്നുള്ള വെള്ളം ചെടികളുടെ മേൽ വീണപ്പോൾ അവർ ഞെട്ടി, ഇച്ചിരി നേരം കൂടെ ഞങ്ങൾ ഉറങ്ങട്ടെ എന്നായി പറച്ചിൽ. അയ്യോ എനിക്ക് നേരമില്ല, കൊറോണ കാരണം സഹായിക്കാൻ ആരും വരുന്നില്ല, നിങ്ങളുടെ കാമുകൻ സൂര്യൻ വരുമ്പോൾ ഈ തണുപ്പൊക്കെ മാറൂട്ടോ......

വെണ്ട, വഴുതിന, തക്കാളി, പയർ, മുളക് എല്ലാവരോടും കൂടിയാണ്... കേട്ടോണം. മുഖ്യമന്ത്രി പറഞ്ഞത് കേട്ടില്ലേ..... വീട്ടിൽ വെറുതെ നോക്ക് കുത്തി പോലെ നിന്നാൽ പോരാ... ഒന്നൂടെ ഉഷാറായി കായ്ക്കണം.

എടോ ചക്കലമാവേ... എത്രനാളായി ഞാൻ പറയുന്നു, എന്താ നീ കേൾക്കാത്തപോലെ... വർഷം കുറെ ആയില്ലേ.... ഒ:് പൂത്ത് കായ്ച്ചൂടേ.... ചീത്തപറയുമ്പോൾ തലതാഴ്ത്തി നിന്നോ..... അനുസരിയ്ക്കേണ്ട.... ഇവിടുത്തെ ഉമ്മ ചെയ്യാറുള്ളതക്ക പോലെ വെട്ട് കത്തി ആയി വന്നു പേടിപ്പിയ്ക്കും കേട്ടോ.....

അതിനൊക്കെ എന്റെ പ്ളാവ്.... എന്തോരം ചക്കയാ.... നീ എന്തിന്റെ പുറപ്പാടാ പ്ളാവേ.......ചക്കക്കൊതിയുള്ളോർക്കൊന്നും ഇപ്പൊ വരാൻ പറ്റൂല്ല. അപ്പൊ നീ അറിഞ്ഞില്ലേ...... ലോകത്തു നടക്കുന്നതൊന്നും, അവർക്കൊന്നും വിമാനത്തിൽ കേറി വരാൻ അനുമതിയില്ലാത്രെ.... പിന്നെ രണ്ടീസം കഴിഞ്ഞാൽ നൊയ്മ്പ് തുടങ്ങാ.... എനിയ്ക്ക് ആണെങ്കിൽ ഷുഗർ ഉണ്ട്ട്ടാ..... എന്നാലും നിന്നെ ഞാൻ സാപ്പിടുന്നുണ്ട്....

ഒഅഹ്.... അരണകുഞ്ഞെ... ഞാൻ പേടിച്ചു പോയല്ലോ? പാമ്പിച്ചി ആണെന്നാ വിചാരിച്ചേ....... എല്ലാവരോടും വിശേഷം ആരാഞ്ഞ് ഇന്നത്തെയ്ക്കുള്ള ചക്കപുഴുക്കിന് ചക്കയും പിന്നെ വേപ്പില, മുരിങ്ങയ്ക്ക, ചീരയില എന്നിവ സമാഹരിച്ച് അകത്തേയ്ക്ക് കയറാൻ തുടങ്ങുമ്പോഴേക്കും സൂര്യനും ഉണർന്നെണീറ്റു വന്നു.

ഇതിനുള്ളിൽ കയറിയാൽ പിന്നെ ആവർത്തനം തന്നെ. പ്രാതൽ, ഉച്ചയൂണ്, രാത്രി ഭക്ഷണം, അടിയ്ക്കൽ തുടയ്ക്കൽ എന്ന് വേണ്ട എല്ലാ പതിവു വഴിപാടുകൾ... വേലകൾ.... ലീലകൾ...... സമയം എന്താണെന്നോ, ദിവസം ഏതാണെന്നോ.... ഒരു നിശ്ചയവും ഇല്ലാതെയായിട്ട് കുറെ നാളായി. ആ പാലിയേറ്റീവൽ പോയി എല്ലാവരെയും കാണുമ്പോൾ ഒരു ഊർജ്ജം ഉണ്ടായിരുന്നു. അതിനും കഴിയുന്നില്ല. എങ്കിലും യന്ത്ര തകരാറൊന്നുമില്ലാതെ ഈ വണ്ടി പ്രവർത്തനം തുടരുന്നുണ്ട്. ദൈവത്തിനു നന്ദി.

പതിവുപോലെ മോൾ തേങ്ങ ചിരവി തന്ന് ഓൺലൈൻ ക്ളാസ്സിന് മുറിയിൽ കയറിയിരുന്നു. കുറെ കഴിഞ്ഞ് ആ വഴിപോയപ്പോൾ അവൾ അസ്സൽ ഉറക്കത്തിലാണ്. ചെവിയിൽ കുന്ത്രാണ്ടമുണ്ട്, ലാപ്പും ഓൺ ആണ്. ഞാൻ തട്ടി വിളിച്ചപ്പോൾ പറഞ്ഞു അടുത്ത അറ്റൻഡൻസ് കുറച്ചു കഴിഞ്ഞാണ് അതുവരെ പ്ളീസ്.... ശല്യം ചെയ്യല്ലേ..... ഉഗ്രൻ ഓൺലൈൻ ക്ളാസ്സ്. ഞാൻ പിന്നെ വിളിക്കാൻ നിന്നില്ല. യാത്ര പോലും പറയാതെ സമയം പോയി കൊണ്ടിരിയ്ക്കാ.... പകലിനെ പോലും ഇരുട്ടിൽ നിർത്തികൊണ്ട് സായാഹ്നത്തിന് മഴ പെയ്യുന്ന ഭാവം വന്നു, അത് കണ്ടപ്പോൾ ഒന്ന് ശുദ്ധവായു എടുക്കാൻ പുറത്തേയ്ക്കിറങ്ങിയ ഞാൻ അകത്തു കയറി. ഇടയ്ക്കിടെ പുട്ടിന് തേങ്ങയിടുംപോലെ മൊബൈൽ എടുത്തു നോക്കും, വിരൽതുമ്പിൽ അറിയുന്നവരും, ഒരിയ്ക്കലും കാണാത്തവരും, എല്ലാവരോടും ഒരു ക്ഷേമാന്വേഷണം, ഒരു തരത്തിൽ ഇതിന് വേറിട്ടൊരു സമാധാനം.

എന്തോ ആപത്തു പിണഞ്ഞതുപോലെ മമ്മാ..... എന്നവളുടെ വിളി. ദേ ... നോക്ക്യേ ബാത്റൂമിൽ മുഴുവനും ഒരുമാതിരി പാറ്റകൾ പാറുന്നു.

ഹോ.... ഇതായിരുന്നോ ഒരു കാര്യം ചെയ്യൂ..... നീ വേറെ ബാത്റൂമിൽ പെയ്ക്കോ.... ലൈറ്റ് ഇട്ട് വെച്ചു ഡോർ അടച്ചോ, അവരവിടെ പാറിപ്പറക്കട്ടെ.

ആർക്ക് വിളച്ചാലും, ടിവിയിലും അതേ മാറ്റമില്ലാത്ത കൊറോണ വാർത്തകൾ... കേട്ടത് തന്നെ കേട്ട് ഇന്നത്തെ ദിവസം ശുഭം!!!

പിറ്റേന്ന് രാവിലെ തന്നെ അതേ വിളി മമ്മാ.... ദേ നേക്ക്യേ ആ പാറ്റകൾ എല്ലാം ..... ചിലത് ചിറകുകൾ അറ്റ് പോയതും, ചിലത് ജീവന്റെ സ്പന്ദനം നിലച്ചതും, വേറെ ചലത് അന്ത്യശ്വാസത്തിന് വേണ്ടി പൊരുതുന്നതും. കണ്ടപ്പോൾ സങ്കടായി.... ഇതാണ് ഇയ്യാംപാറ്റകൾ. കേട്ടിട്ടില്ലേ, കൂടി വന്നാൽ രണ്ടു ദിവസം ആയുസ്സുള്ളൂ, എന്നറിയാമെങ്കിലും എന്ത് സന്തോഷമായിട്ടാണെന്നോ അവർ ഇന്നലെ കൂട്ടത്തോടെ പാറി പറന്നിരുന്നത്.

ഇപ്പൊ ലോകമെമ്പാടും ഇയ്യാപാറ്റകളുടെ വില പോലും ഇല്ലാതെ ലക്ഷക്കണക്കിന് മനുഷ്യർ..... ഒരു അദൃശ്യമായ വില്ലന്റെ മുന്നിൽ...

ഈ അണു....... പിടികൂടുമ്പോൾ ആളിന്റെ

ജാതിയോ മതമോ, സമ്പന്നനോ ദരിദ്രനോ, പണ്ഡിതനോ പാമരനോ, ആണോ പെണ്ണോ എന്നൊന്നും നോക്കാതെയാണ് വേട്ടയാടി കൊണ്ടിരിയ്ക്കുന്നത്.

ഓരോ ഇടനാഴികളിലെ വായുവിലും, നഗ്നനേത്രങ്ങളക്ക് പോലും കാണാൻ കഴിയാത്ത ആ അജ്ഞാതൻ എന്നിലും കടന്നുകൂടിയിട്ടുണ്ടോ..... ഞാനാണോ ഇന്നത്തെ ഇര.... എന്ന് ഓരോരുത്തരുടേയും ഉള്ളിലെ തേങ്ങൽ നീ അറിയുന്നില്ലേ.....!

നമ്മുടെ ചിന്തയെ ഭയപ്പെടുത്തും വിധം ഇരുട്ട് പരത്തുന്ന ഈ വൈറസ് നമ്മളെ ഒരുപാട് പാഠങ്ങൾ പഠിപ്പിച്ചു തരുന്നു.

ആകുലതകളില്ലാതെ ജീവിതമില്ലെന്ന് അറിയാമെങ്കിലും, തോരാ കണ്ണീരും, തീരാവേദനകളുമായി അതിജീവനത്തിനായ് ഉള്ള് പിടയുന്നു.

എന്നാലും എവിടെയോ സമാധാനത്തിന്റെ മരുപ്പച്ച കാണുന്നുണ്ട്, തലോടാൻ ദൈവത്തിന്റെ പ്രകാശകിരണങ്ങളും....... അപ്പോൾ പിന്നെ കൂട്ടത്തോടെ പ്രത്യാശയുമായി മുന്നോട്ട് പോകാം......

വിശ്വമേ..... ശാന്തിയുടെ തിരി തെളിയിക്കൂ....

●

# കോവിഡ് 19 ഉം പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയും

**ഡോ. സി. സതീഷ്കുമാർ**

പ്രതീക്ഷിയ്ക്കാതെ പെട്ടെന്ന് 2020 ജനുവരി 27 ന് ഇന്ത്യയിൽ, കേരളത്തിൽ അതും തൃശ്ശൂരിൽ ആദ്യ കൊറോണ കേസ് റിപ്പോർട്ട് ചെയ്തപ്പോൾ പൊതുവെ ഒരു ഞെട്ടൽ ഉണ്ടായി എന്നുള്ളത് ശരിയാണ്. പക്ഷെ ശരിയ്ക്കും ഞെട്ടിയത് നമ്മളാണ്, കാരണം നമ്മുടെ അപ്പുറത്തെ ജനറൽ ആശുപത്രിയിലാണ് രോഗി ഉള്ളത് എന്നറിഞ്ഞപ്പോൾ. ആകുലതകളും, ആശങ്കകളുമായി നമ്മുടെ ഡോക്ടർമാരും നഴ്സുമാരും മറ്റ് സന്നദ്ധപ്രവർത്തകരും സംശയങ്ങളുമായി എന്നെ സമീപിച്ചിരുന്നു. പക്ഷെ അന്ന് ആർക്കും ഈ വൈറസിനെ കുറിച്ച് കൂടുതൽ എക്സ്പർട്ടായിട്ടുള്ള അഭിപ്രായങ്ങൾ പറയാൻ കഴിയാത്ത അവസ്ഥയായിരുന്നല്ലോ. ഈ വൈറസ് പകരുന്നത് തടയുവാൻ വേണ്ടി മാസ്ക് ധരിയ്ക്കുന്നത് അഭികാമ്യം ആയിരിയ്ക്കും എന്നുള്ള അഭിപ്രായം വന്നപ്പോൾ അതിന് പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളും വന്നിരുന്ന കാര്യം നമുക്ക് അറിയാം. കാരണം, ഈ വൈറസിനെ കുറിച്ചുള്ള ജ്ഞാനം വളരെ കുറവായിരുന്നു. അതുകൊണ്ട് തന്നെ കുറച്ചുപേർ മാസ്ക് ധരിച്ചു, കുറച്ചുപേർ വേണ്ടന്ന് വച്ചു. പക്ഷെ നമ്മുടെ ആരോഗ്യസംരക്ഷണം ഏതൊരു രാജ്യത്തെക്കാളും മുമ്പിലാണ് എന്ന് തെളിയ്ക്കാൻ നമ്മുടെ സംസ്ഥാന ആരോഗ്യ വകുപ്പിന് കഴിഞ്ഞു. അങ്ങനെ നമ്മൾ തെല്ലൊരു അഭിമാനത്തോടെ കൊറോണയെ തുരത്തി എന്ന് പറഞ്ഞത് ആരും മറന്നുകാണില്ലല്ലോ.

പിന്നെ ഇതിനെകുറിച്ച്, വലിയ വേവലാതികൾ ഒന്നുമില്ലാതെ, നമ്മളെ അത് ബാധിക്കാനിടയില്ല എന്ന ഒരു പൊതുധാരണയുണ്ടല്ലോ. അതിൽ വിശ്വാ.സമർപ്പിച്ച് പോകുമ്പോഴാണ് ചൈനയിൽ നിന്നും ഇയാൾ പുറത്ത് ചാടി താണ്ഡവം തുടങ്ങിയത്.

അങ്ങനെ പോകവെയാണ് മാർച്ച് അവസാനം പെട്ടെന്ന് രാജ്യത്ത് ലോക്ഡൗൺ വന്നത്. ആ സമയം വരെ നമ്മുടെ എല്ലാവിഭാഗങ്ങളും പ്രവർത്തിയ്ക്കുകയായിരുന്നല്ലോ; തീർച്ചയായും നമ്മുടെ പ്രവർത്തകൾക്കിടയിലും സംശയവും ഭയവും ആകാംക്ഷയും ഉണ്ടായി. ഫിസിയോതെറാപ്പിയുടെ പ്രവർത്തനം താല്ക്കാലികമായി നിർത്താൻ തീരുമാനിച്ചു. ഇൻപേഷ്യന്റെ വിഭാഗം, രോഗികൾ ഡിസ്ചാർജ് ആകുന്ന മുറയ്ക്ക് അവസാനിപ്പിയ്ക്കാനും തീരുമാനിച്ചു. ഒ.പിയും, ഹോംകെയറും സുരക്ഷാമാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവർത്തിയ്ക്കാനും. ഈ അവസരത്തിൽ നമ്മുടെ ഐപിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്നവരുടെ ആശങ്ക പങ്ക് വെയ്ക്കാതിരിയ്ക്കാൻ കഴിയില്ല; ലോക്ക്ഡൗൺ സമയത്ത് നമുക്ക് 3 രോഗികളാണ് കിടന്നിരുന്നത്. രണ്ട് പേർ ഡിസ്ചാർജ് ചെയ്യാൻ കഴിയാത്ത അവസ്ഥയിലുള്ളവരായിരുന്നു, ഇതിനോടകംതന്നെ ഐപിയിലേയ്ക്കുള്ള സന്ദർശകരെ എല്ലാം ഒഴിവാക്കിയിരുന്നു. പക്ഷെ നമ്മൾ പാലിയേറ്റീവ് പരിചരണം കൊടുക്കുന്നവരും, എംപതി (അനുതാപം) വളരെയധികം ഉള്ളവരുമാണല്ലോ. അതുകൊണ്ട് തന്നെ മരണാസന്നനിലയിലുള്ള രണ്ട് രോഗിക

ളെയും കാണാൻ വന്ന അവരുടെ മക്കളെ കണ്ടുപോകാൻ അനുവദിച്ചിരുന്നു. അടുത്ത ദിവസങ്ങളിലാണ് പുറംരാജ്യത്ത് നിന്നുവരുന്നവർ ഐസോലേഷനിൽ ഇരിയ്ക്കണമെന്നുള്ള നിബന്ധന വരുന്നത്. അപ്പോൾ ലേശം ഭയവും ആശങ്കയുമായി. കാരണം, ഈ അവസരത്തിൽ അവിടെ വന്ന രണ്ടുപേരും ഗൾഫിൽ നിന്നും അച്ഛനെയും അമ്മയെയും അവസാനമായി ഒന്ന് കാണാൻ വന്നവരാണ്, നമുക്ക് അവരെ ഒഴിവാക്കാൻ പറ്റുമോ?

പക്ഷെ ഒരാൾക്ക് വീട്ടിൽ പോകണമെന്ന് പറഞ്ഞതുകാരണം അവരുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ വേണ്ടി വീട്ടിലേയ്ക്ക് വിട്ടു. അടുത്ത ആൾ അന്ന് രാത്രിതന്നെ നമ്മെ വിട്ടുപിരിയുകയും ചെയ്തു. മരിച്ച അമ്മയുടെ മകൻ വിദേശത്തു നിന്ന് വന്നിട്ട് ഒരാഴ്ച ആയിട്ടെ ഉണ്ടായിരുന്നുള്ളൂ. ആകെ ഉള്ള ചേച്ചി ഗൾഫിൽ നിന്നും വരാൻ പറ്റാത്ത സാഹചര്യമായിരുന്നു. അയാളുടെ തീരുമാനങ്ങൾ വളരെ ശ്ളാഘനീയമാണ്. അമ്മയുടെ ബോഡി വീട്ടിൽ കൊണ്ടുപോകാതെ, അമ്മാവനെയും കൂട്ടി നേരെ ക്രിമേഷന് കൊണ്ടുപോകുകയായിരുന്നു. ഇതിൽ ആ സമയത്ത് കോവിഡിന്റെ ഇത്ര ഭയാനകമായ അന്തരീക്ഷമായിരുന്നില്ലല്ലോ, ഏതാണ്ട് രണ്ട് ആഴ്ച കഴിയും വരെ നമുക്ക് ഒരു ഉൾഭയമുണ്ടായിരുന്നു. നമ്മുടെ സ്റ്റാഫിൽ പലരും എന്നോട് അത് പങ്ക് വെയ്ക്കുകയും ചെയ്തിരുന്നു. ഞാൻ എല്ലാപേരെയും ധൈര്യപ്പെടുത്തിയെങ്കിലും ഒരു കണിക വ്യഥ എവിടെയൊക്കെയോഉണ്ടായിരുന്നു.

പിന്നെ മൂന്നാമത്തെ രോഗിയെ നമ്മുടെ ആംബുലൻസിൽ വീട്ടിൽ കൊണ്ട് വിട്ടതിനുശേഷം ഐപി താല്ക്കാലികമായിനിർത്തിവെയ്ക്കാൻ നിർബന്ധിതമായി. ആ സമയത്ത് മാസ്ക്ക്, ഗ്ളൗസ് എന്നിവയ്ക്ക് പെട്ടെന്ന് ദൗർലഭ്യം ഉണ്ടായത് നമ്മളെയും വളരെ ബുദ്ധിമുട്ടിച്ചു; കുറച്ച് സാധാരണ മാസ്ക്കുകൾ ഉണ്ടായിരുന്നത് ഉപയോഗിച്ചാണ് ഒ.പി.യും, ഹോംകെയറും ചെയ്തിരുന്നത്. പ്രശ്നങ്ങൾ രൂക്ഷമായതോട് കൂടി എന്താണ് ചെയ്യേണ്ടത് എന്ന് ഒരു എക്സ്പേർട്ട് ധാരണയില്ലാത്തതിനാൽ ഹോംകെയർ തല്ക്കാലം നിർത്തിവെക്കാൻ തീരുമാനിയ്ക്കുകയായിരുന്നു.

ഏകദേശം മൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ ഞങ്ങൾ നമ്മുടെ ക്ളിനിക്കിൽ രജിസ്റ്റർ ചെയ്തിരുന്ന എല്ലാവരെയും ടെലിഫോണിൽ ബന്ധപ്പെട്ട് അവർക്ക് വേണ്ടുന്ന നിർദ്ദേശങ്ങളും സംശയങ്ങൾക്കുള്ള മറുപടിയും, മാനസികമായി ആശ്വസിപ്പിയ്ക്കാൻ ഉള്ള ഒരു സംവിധാനവും ഉണ്ടാക്കി. അത് ഇപ്പോഴും തുടരുന്നുമുണ്ട്. പിന്നെ ഇപ്പോൾ രണ്ടുമാസമായി നമ്മൾ ആവശ്യമുള്ളവർക്ക് എല്ലാമുൻകരുതലും എടുത്തുകൊണ്ട് ഹോംകെയർ ചെയ്യുന്നുണ്ട്.

ഇപ്പോൾ ഒ.പിയിൽ ഏകദേശം തിരക്കുമുണ്ട്. ഈ അവസരങ്ങളിൽ എല്ലാം തന്നെ ഒ.പി യിൽ പലപ്പോഴും രോഗികളെ നിരീക്ഷണത്തിൽ കിടത്തി അവർക്ക് വേണ്ടുന്ന പ്രൊസീജെഴ്സ് എല്ലാം ചെയ്യുന്നുണ്ടായിരുന്നു. നല്ലൊരു ശതമാനം രോഗികൾക്ക് അത് വളരെ ഉപകാരപ്രദമായി എന്നാണ് മനസിലാക്കുന്നത്. കാരണം അവർക്ക് മറ്റ് മാരഗ്ഗങ്ങൾ ഒന്നുമില്ലാ.യിരുന്നു. ഈ സമയങ്ങളിൽ എല്ലാം ഒരുപാട് പുതിയ കേസുകളും രജിസ്റ്റർ ചെയ്ത് അവർക്ക് വേണ്ടുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. ഈ അവസരത്തിൽ നമ്മുടെ വളണ്ടിയേഴ്സിന്റെ സേവനം വളരെ പ്രശംസനീയമാണ്. ഇത്രയും റിസ്ക്കും ബുദ്ധിമുട്ടുകളും അതെല്ലാം തരണം ചെയ്ത് റൊട്ടേഷൻ വ്യവസ്ഥയിൽ ക്ളിനിക്കിൽ വന്ന് സഹായിച്ചതുകൊണ്ടാണ് ഇതെല്ലാം ചെയ്യാൻ കഴിഞ്ഞത്.

എന്തായാലും എത്ര ഭീകരമായ അന്തരീക്ഷമാണെങ്കിലും നമ്മുടെ സേവനം നിർത്തിവെയ്ക്കാൻ കഴിയുമായിരുന്നില്ല. കാരണം വേദനിയ്ക്കുന്ന ആളുടെ നിലവിളിയ്ക്ക് ആശ്വാസം എത്തണമെങ്കിൽ നമ്മൾ പ്രവർത്തിക്കണമായിരുന്നു. അത് നിറവേറ്റാൻ എല്ലാപേരും സഹായിയ്ക്കുകയും സഹകരിയ്ക്കുകയും ചെയ്തു. സാമ്പത്തിക മേഖല ആകെ തകർന്നിരിയ്ക്കുന്ന സാഹചര്യത്തിൽ, കിഡ്നി രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവരായാലും അവർക്ക് ആർക്കും മരുന്നുകൾ പുറത്ത് നിന്നുവാങ്ങി കഴിക്കാൻ പറ്റിയ സാഹചര്യമല്ലല്ലോ. നമ്മുടെ സപ്പോർട്ട് ഇല്ലായിരുന്നുവെങ്കിൽ മരുന്നു കഴിയ്ക്കൽ ഉണ്ടാവില്ലായിരുന്നു എന്നാണ് പലരും നമ്മോട് പങ്കുവെച്ചത്.

ലോക്ക്ഡൗണിന്റെ മൂർദ്ധന്യത്തിൽ ഒരു സ്റ്റേജിൽ കാശ് കൊടുത്താലും മരുന്ന് പുറത്ത് കിട്ടാനില്ല എന്ന് പറഞ്ഞ് നമ്മളെ സമീപിച്ച പലർക്കും നമ്മുടെ അടുത്ത് രജിസ്റ്റർ ചെയ്യാത്തവരായിട്ടും അവരെയും നമ്മൾ സഹായിച്ചിട്ടുണ്ട്. ഈ അവസരത്തിൽ വാഹനസൗകര്യമില്ലാത്തതിനാൽ വന്ന് മരുന്ന് വാങ്ങാൻ കഴിയുന്നില്ല എന്ന് ഫോൺവിളിക്കുന്നതിനിടയിൽ പറയുന്നവർക്ക് കമ്മ്യൂണിറ്റി വളണ്ടിയറുടെ സഹായം അഭ്യർത്ഥിക്കുകയും അവർ വളരെ ഭംഗിയായി ചെയ്തുതരുകയും ഉണ്ടായിട്ടുണ്ട്. എംഹാറ്റിന്റെ മരുന്നുകൾ എത്തിയ്ക്കാൻ വിദ്യാർത്ഥികൾ ചെയ്യുന്ന സേവനം പറയാതിരിയ്ക്കാൻ വയ്യ. അതുപോലെ പോലീസ്, ഫയർ ഫോഴ്സ് രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികൾ എല്ലാവരും സഹകരിച്ചിട്ടുണ്ട്. അതിലൂടെ നമ്മുടെ രോഗികളുടെ സാമ്പത്തിക ഭാരം ഒരു പരിധി വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

നമുക്ക് സമാധാനവും ചാരിതാർത്ഥ്യവുമുള്ള കാര്യം സരായ് (ഒളരി) പ്രവർത്തനം ഈ സമയത്ത് ഒട്ടും കുറവ് വരുത്താതെ നടത്തികൊണ്ടുപോകാൻ കഴിഞ്ഞു എന്നുള്ളതാണ്. ഭക്ഷ്യധാന്യങ്ങളുടെ ദൗർല ഭ്യം ഉണ്ടായിരുന്ന സമയത്ത് രണ്ട് പ്രാവശ്യമായി നയ നാർ സ്മാരക പാലിയേറ്റീവ് കെയർ സൊസൈറ്റി യുടെ പുത്തൂർ നേതൃത്വത്തിൽ ഇവിടേയ്ക്ക് പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ നൽകിയത് വലിയ കൃതജ്ഞതയോടെ ഓർക്കുന്നു.

സാധാരണയായി ആഴ്ചയിൽ ഒരു ദിവസം നമ്മുടെ ക്ളിനിക്കിൽ ഗീതാറാണി ടീച്ചറുടെ നേതൃത ്വത്തിൽ മ്യൂസിക് തെറാപ്പി നടക്കുന്നുണ്ടായിരുന്നുവ ല്ലോ. ഈ കോവിഡ് കാലം ആയപ്പോൾ അതിനു വേണ്ടി ഒരു വാട്സ് ആപ്പ് ഗ്രൂപ്പുണ്ടാക്കി. അതിലൂടെ മുമ്പ് സഹകരിച്ചിരുന്ന രോഗികളെയും നമ്മുടെ വള ണ്ടിയേഴ്സിനെയും ചേർത്ത് എല്ലാദിവസങ്ങളിലും വളരെ ഗംഭീരമായി നടന്നുവരുന്നുണ്ട്. അതിലൂടെ പലർക്കും ഈ കോവിഡ് കാലഘട്ടത്തിലെ മാനസിക സമ്മർദ്ദം കുറയ്ക്കാൻ കഴിഞ്ഞു എന്നാണ് അതിനെ കുറിച്ചുള്ള പങ്കുവെയ്ക്കലിൽ എല്ലാവരും അഭിപ്രാ യപ്പെട്ടത്. കാരണം പത്രത്തിലും ചാനലിലും എപ്പോഴും കോവിഡിന്റെ വിളയാട്ടത്തിന്റെ ന്യൂസ് കേട്ട് മനസ് മടുത്തിരിയ്ക്കുന്ന വേളയിൽ അതിൽ നിന്നെല്ലാം മോചനം കിട്ടാൻ ഇത് വളരെയധികം സഹായിച്ചിട്ടുണ്ട്. ഒരു ആത്മീയമായ ഉണർവ്വ് ഉണ്ടാ ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇനി ഇന്നത്തെ നിലയിൽ കോവിഡ് 19നെ വില യിരുത്തുമ്പോൾ അതിനൊടൊപ്പം പോകാൻ കഴിയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രവർത്തന മേഖ ല മുന്നോട്ട് കൊണ്ടുപോവുകയാണ് ഉത്തമം. അതി നായുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ഈ മാസം അവസാനത്തോടുകൂടി എല്ലാം ഏകദേശം പഴയനില യിലേക്ക് കൊണ്ടുവരാൻ കഴിയും എന്നുള്ള പ്രത്യാ ശയിലാണ് എല്ലാവരും. അതിനുള്ള എല്ലാ സഹായസ ഹകരണങ്ങളും എല്ലാവരിൽ നിന്നും ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടെ.

●

# എന്റെ കൊറൊണക്കാലം

**ആർദ്ര എൻ. ആർ, സെന്റ്. തോമസ് കോളേജ്, തൃശ്ശൂർ**

ജീവിതം എന്നത്തേയും ഒഴുക്കിൽ പോയികൊ ണ്ടിരിക്കുമ്പോൾ ഒരു ദിവസം വിദ്യാലയങ്ങളും, സ്ഥാപനങ്ങളും, കടകളും എല്ലാം അടച്ചിടണമെന്നും, നിർബന്ധമായും മാസ്ക്ക് വയ്ക്കണം, കൈ കഴു കാനും സാനിറ്റയ്സ് ചെയ്യാനും പറഞ്ഞപ്പോൾ വിചി ത്രമായി തോന്നി. അവധിക്കാലം നേരത്തെ ആയ തിന്റെ സന്തോഷത്തിൽകുറച്ചു ദിവസം തള്ളി നീക്കി. എന്നാൽ ചൈനയിൽ എപ്പോഴോ ഉടലെടുത്ത വൈറസ് നമുക്ക് ഭീഷണി ആവുമെന്ന് കരുതിയില്ല. ലോക്ക്ഡൗൺ ദിനങ്ങൾ മടുപ്പോടെ കടന്നുപോയ പ്പോൾ പതിയെ ഞാൻ എന്നിലോട്ടു തന്നെ തിരിഞ്ഞു നോക്കുകയായിരുന്നു. ജീവിതത്തിലെ സ്ഥിരമായ പഠിപ്പും തിരക്കും കാരണം ഞാൻ എപ്പോഴോ മാറ്റി വെച്ച എന്റെ ഇഷ്ടങ്ങളിലേയ്ക്ക് തിരിച്ചുപോകാൻ സാധിച്ചു. ഒരുപാട് വായിക്കാനും പുതിയ കാര്യങ്ങൾ പഠിച്ചു മനസ്സിനെ ശാന്തമാക്കാൻ കഴിഞ്ഞു. വീട്ടി ലുള്ള ഞങ്ങൾ നാലുപേരും ജോലിക്കും പഠിപ്പിനും പോയി തിരിച്ചു ക്ഷീണത്തിൽ സമയം തള്ളി നീക്കി യവർ തമ്മിൽ തമ്മിൽ കൂടുതൽ അടുക്കാനും അറി യാനും സന്തോഷിക്കുവാനും തുടങ്ങി. ലോകത്തിനെ മൊത്തം ഭീതിയിൽ ആഴ്ത്തി വൈറസ് മുന്നോട്ടുപോ കുമ്പോഴും ഈ സന്തോഷങ്ങൾ നിലനിർത്താൻ സാധിച്ചു. പക്ഷെ ഈ ലോക്ക് ഡൗണിനുമുമ്പേ ഞാൻ എസ്ഐപിയ്ക്കുവേണ്ടി സമയം ചെലവഴിച്ചിരു ന്നു.ഹോംകെയറുകൾ പോകാറുണ്ട്. അതിലുപരി വൈകുന്നേരങ്ങളിൽ പാലിയേറ്റീവിലെ രോഗികളുടെ കൂടെ സമയം ചെലവഴിക്കാറുണ്ട്. പക്ഷെ കുറച്ചുമാ സങ്ങളായി അതൊന്നും സാധിക്കുന്നില്ല. അവരോ ടൊത്തു സമയം ചെലവിടാൻ കഴിയാത്തതിൽ വിഷ മമുണ്ട്. ഇപ്പോൾ അവർ നേരിടുന്ന മാനസിക, ശാരീ രിക, സാമ്പത്തിക പ്രശ്നങ്ങളും ആവശ്യങ്ങളും വിളി ച്ചറിഞ്ഞു മനസിലാക്കി അത് പരിഹരിക്കാൻ എസ് ഐപിയ്ക്ക് സാധിക്കണം. പല വളണ്ടിയേഴ്സും പല സംഘടനകളുടെ കീഴിൽ അതിനായി ശ്രമിക്കുന്നു ണ്ട്. ലോക്ക്ഡൗൺ കാലയളവിൽ എന്റെ ജീവിത ത്തോടുണ്ടായ കാഴ്ചപ്പാട് എസ്ഐപിയിൽ മനസ്സ റിഞ്ഞു തുടർന്ന് പ്രവർത്തിക്കാൻ കൂടുതൽ സഹാ യിക്കുമെന്ന് വിശ്വസിക്കുന്നു.

# ഒരു കിഴവന്റെ കോവിഡ് കാല ചെയ്തികൾ

പ്രൊഫ. എൻ.എൻ. ഗോകുൽദാസ്

സ്വന്തം കുഴലൂത്ത് ശരിയല്ല. അതിനാൽ കാൻസറിനെ തികഞ്ഞ പരിക്കുകളൊടെ തന്നെ അതിജീവിച്ച ഈ എഴുപത്തിയൊന്നുകാരൻ രണ്ടുമാസക്കാലം കോവിഡ് വീട്ടുതടങ്കലിനിടയിൽ ചെയ്തു തീർത്ത കാര്യങ്ങൾ വിവരിക്കുമ്പോൾ പ്രകടമാകുന്ന അഹങ്കാരം പൊറുക്കണം.

* ജീവശാസ്ത്രത്തിന്റെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയമാനങ്ങളുടെ കാര്യത്തിൽ ഒരു വിദ്യാർത്ഥിയെന്ന നിലയിൽ ആദ്യം ശ്രദ്ധിച്ചത് രോഗാണുവിന്റെ വിശദാംശങ്ങളാണ്. കൊറോണ വൈറസ് ഡിസീസ് - 2019 ന്റെ ചുരുക്കപ്പേരാണ് കോവിഡ് -19. സിവിയർ അക്യൂട്ട് റസ്പിറേറ്ററി സിൻഡ്രോം കൊറൊണ വൈറസ് അഥവാ സാർസ് - കോവ് - 19 എന്നാണ് രോഗാണുവിന്റെ പേര്. വൈറസ് ആകയാൽ ആതിഥേയ കോശങ്ങൾക്കുള്ളിൽ മാത്രമേ ഈ രോഗാണു ജീവന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയുള്ളൂ. ഈ വൈറസിന്റെ ജനിതക പദാർഥം റൈബോ ന്യൂക്ളിക് അമ്ളമാണ്. സസ്തനികളും പക്ഷികളിലും ഈ വൈറസുകളുണ്ട്. മനുഷ്യരിൽ കടക്കാനിടയാൽ ജന്തുജന്യ (Zoonotic) രോഗങ്ങളുണ്ടാക്കും. ഇതിനിടയിൽ ഒരു മ്യൂട്ടേഷൻ കൂടി വൈറസിൽ സംഭവിച്ചു. മനുഷ്യരിൽ നിന്ന് മനുഷ്യരിലേയ്ക്ക് വ്യാപിക്കാനുള്ള ശേഷി നേടി. ആതിഥേയൻ മനുഷ്യനായതോടെ വൈറസ് വീര്യം കൂടി പെരുകി. തീവണ്ടി പ്ളേഗ് പരത്തുമെന്ന് ആലങ്കാരി പറഞ്ഞതിനെ നമുക്ക് ഇന്നും പുച്ഛമാണ്. പക്ഷേ വിമാനം ഇതിനെ അർഥവത്താക്കിക്കൊണ്ടു വൻകരകളെ കീഴടക്കി. രോഗത്തിന് പാൻഡമിക് എന്ന വിശേഷണം ചാർത്തിക്കിട്ടി. മനുഷ്യന്റെ ഊതിവീർപ്പിച്ച ഹുങ്കിനെയും ഒടുങ്ങാത്ത ദുരയെയും വൈറസ് വെല്ലുവിളിച്ചു. പ്രപഞ്ചം നിറഞ്ഞുനിന്ന് താണ്ഡവമാടുന്ന നടരാജന്റെ കാൽക്കീഴിലെ ശിശു മാത്രമാണ് നീ എന്ന് മനുഷ്യനെ ബോധ്യപ്പെടുത്തി.

* എനിക്ക് കോവിഡ് വന്നാലോ? അതുകൊണ്ട് രോഗലക്ഷണങ്ങളേവയെന്ന് തിരഞ്ഞു കണ്ടെത്തി. പനി (83 - 99%) വിശപ്പില്ലായ്മ (40-84%) വല്ലാത്ത ക്ഷീണം (44-70%) മണത്തറിയാനുള്ള ശേഷിക്കുറവ് (15-30%) ശ്വസിക്കാൻ പ്രയാസം (31-40%) ചുമ (59-82%) കഫം ചുമച്ചുതുപ്പൽ (28-33%) പേശീവേദന (11-35%). ഇന്റർനെറ്റിൽ പരതിയപ്പോൾ ഒരുക്കാര്യം കൂടി ബോധ്യമായി. രോഗം തീവ്രമായാൽ നടക്കാൻ പ്രയാസം, സംഭ്രാന്തി, മുഖവും ചുണ്ടും നീലനിറമാകൽ, തുടർച്ചയായ നെഞ്ചുവേദന, വെളുത്ത രക്തകോശങ്ങളുടെ എണ്ണം കുറയൽ, തൊട്ടാൽ പൊള്ളുന്ന പനി, 3-5 ശതമാനം മരണനിരക്ക് എന്നിവ പ്രതീക്ഷിക്കാം. രോഗാണു ശരീരത്തിൽ കടന്ന് 14ദിവസം പൊരുന്നയിരിക്കുന്ന കാലം (incubation) കഴിയുമ്പോൾ രോഗലക്ഷണങ്ങൾ പ്രകടമാകും. 60 കഴിഞ്ഞവർ, മറ്റുരോഗങ്ങൾ (ഉദാ: പ്രമേഹം, കാൻസർ, ഹൃദ്രോഗം) ഉള്ളവർ, പത്തു വയസ്സിനു താഴെയുള്ള കുട്ടികൾ തുടങ്ങിയവരാണ് ഏറെയും മരിക്കുന്നത്.

* മനുഷ്യൻ തിന്ന് മദിച്ച് ജീവിക്കുന്ന നികൃഷ്ടനാണ്. ശവംപോലും തിന്നും. അങ്ങനെയാണല്ലോ പാപന്യൂഗിനിയിൽ 'കുറു' എന്ന പ്രിയോൺ രോഗം വ്യാപിച്ചത്. ഇണക്കി വളർത്തി, തങ്ങളുടെ താല്പര്യത്തിനനുസരിച്ച് ഇണചേർത്ത് പരിപാലിക്കുന്ന മൃഗങ്ങളെപ്പോലും ദുഷിപ്പിക്കും. ചെമ്മരിയാടിന്റെ മാംസാവിശിഷ്ടങ്ങൾ കാലിത്തീറ്റയിൽ ചേർത്ത് പ്രകൃത്യാസസ്യാഹാരിയായ പശു /കാളയക്ക് നൽകി. അങ്ങനെ അവ ഭ്രാന്തിപ്പശുരോഗം പിടിച്ച് ചത്തൊടുങ്ങി. പ്രകൃതിയോട് നടത്തുന്ന ബൂമറാങ്ങ് തിരിച്ച് വന്ന് ബീഫ് വ്യവസായത്തിന്റെ ശിരസ്സിൽ പതിച്ചുവെന്ന് വ്യക്തം!

* ചൈനയിലെ വുഹാൻ പ്രവിശ്യയിലെ ചന്തയിൽ വിവിധ ജന്തുക്കളെ തോലുരിഞ്ഞ് തൂക്കിയിട്ടിരിക്കും. മറ്റൊരു ഭാഗത്ത് ജലജീവികളെയും കരജീവികളെയും പറവകളെയും സൂക്ഷിച്ചിരിക്കും. നിങ്ങൾക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുത്താൽ കൊന്ന് തോലുരിച്ച് മുറിച്ച് തരും. ഇങ്ങനെ സൂക്ഷിച്ചിരുന്ന വവ്വാലുകളിൽ നിന്നോ ഈനാംപേച്ചിയിൽ നിന്നോ ആണ് കോവിഡ് രോഗാണു മനുഷ്യരിൽ കടന്നത്! പക്ഷേ ഈ ജീവികളുടെ വിസർജ്യങ്ങൾ (Guano) പരമ്പരാഗത ചൈനീസ് ചികിത്സയിൽ ഉപയോഗിക്കാറുണ്ടെന്നും മറക്കരുതേ!

* കൊറോണയ്ക്കെതിരായുള്ള സമരത്തെ മുതലാളിത്ത വിരുദ്ധ സമരവുമായി സന്ധിപ്പിക്കുന്ന തെങ്ങ

നെയെന്ന് ഒരു ബുദ്ധി ജീവിയുടെ വാചകമടി കേട്ടു. വാഷ് ബേസിനു മുമ്പിൽ പോയി ഓക്കാനിച്ചു. നാലു തവണ ഛർദ്ദിച്ചു. ഇന്റർനെറ്റ് പരതി നോക്കി. സാരമില്ല; ഛർദ്ദി ഈ രോഗത്തിന്റെ പ്രാരംഭലക്ഷണങ്ങളുടെ പട്ടികയിലില്ല.

* ചൈനയെ കുറ്റം പറയുന്നത് ഞങ്ങൾ 'ബുജി 'കൾക്ക് സഹിക്കാനാകില്ല. മധുര മനോഹര മനോജ്ഞ ചൈന ഞങ്ങളുടെ 'അമ്മാത്ത്' ആകുന്നു. ഞങ്ങളുടെ അമ്മാത്തെ പാർട്ടിയുടെ സമ്മതം വാങ്ങാതെ ഒന്നും മിണ്ടരുത്. ഈ അണുബാധ അതിവേഗം വ്യാപകമാകാമെന്ന് തറപ്പിച്ചുപറഞ്ഞ ഡോ. ലീവെൻ ലിയാങ്ങിനെ ചൈനീസ് ഭരണകൂടം താക്കീതു ചെയ്തു; നിശ്ശബ്ദനാക്കി; മാപ്പ് എഴുതി വാങ്ങി. വുഹാനിലെ ചന്തയിലെത്തിയ 55 വയസ്സുള്ള ഒരു വ്യക്തി (ആണോ പെണ്ണോ എന്ന് നിങ്ങളെ സൗകര്യം പോലെ ചൈന അറിയിക്കും) യ്ക്കണ് ആദ്യം രോഗം വന്നതത്രെ! 2019ഡിസംബറിൽ തന്നെ ഈ വസ്തുത സ്ഥിരീകരിച്ചിരുന്നു. ഡോ. ലീവെൻ ലിയാങ് തന്റെ 34-ാമത്തെ വയസ്സിൽ 2020 ഫെബ്രുവരിയിൽ കോവിഡ് മൂലം മരിച്ചു. അപ്പോഴും രോഗം മനുഷ്യരിൽ നിന്ന് മനുഷ്യരിലെയ്ക്ക് പകരുന്ന കാര്യം ചൈന മറച്ചുവെച്ചു. ഭൂതം ചെപ്പിൽ നിന്ന് പുറത്തു വന്നപ്പോഴാണ് എല്ലാം കൈവിട്ടുപോയി എന്ന് ലോകാരോഗ്യ സംഘടനപോലും അറിഞ്ഞത്. ഡോ. ലീവെൻലിയാങ്ങിനെ ചൈന മരണാനന്തരം കുറ്റവിമുകതനാക്കി. 21-ാം നൂറ്റാണ്ടിലെ അത്യാധുനിക ശാസ്ത്രസാങ്കേതിക രംഗത്ത് മുൻനിരയിൽ തന്നെ സ്ഥാനം പിടിച്ച ചൈനയെ ഭരിക്കുന്നവരുടെ മനസ്സ് 19-ാം നൂറ്റാണ്ടിൽ ഉടക്കിക്കിടക്കുന്നുവെന്ന് അല്പം മനോവൈകല്യമുള്ള ഡൊണാൾഡ് ട്രമ്പ് കൊട്ടിഘോഷിക്കുന്നു!

* കൊറോണ കാലത്ത് ഞാൻ വീട്ടുതടങ്കലിലായിരുന്നു. മകൻ ഇടയ്ക്ക് ജോലിയ്ക്ക് പോകും. ഇടയ്ക്ക് ഏതോ ഓൺ-ലൈൻ പരീക്ഷയും എഴുതി. മരുമകൾ ഓൺ-ലൈനിൽ ക്ളാസെടുക്കുന്നു. നാലാം ക്ളാസ്സുകാരൻ പേരക്കുട്ടി സ്മാർട് ഫോണിൽ അയാളുടെ ക്ളാസിൽ ശ്രദ്ധിക്കുന്നു. ഇടയ്ക്ക് എന്റെ അറിവില്ലായ്മയെ പരിഹസിക്കുന്നു.

* ഫോൺകോളുകൾ വന്നു. എന്റെ സുഹൃത്തായ ഒരു ആദിവാസി വനിതയ്ക്ക് കുടലിൽ ക്ഷയരോഗമാണ്. രക്തത്തിൽ യൂറിക് അമ്ളം കൂടുതലായതിനാൽ ഗൌട്ട് (Gout) എന്ന രോഗവുമുണ്ട്. കോവിഡ് കാലത്തും ചികിത്സയ്ക്കുവേണ്ട കാര്യങ്ങൾ ചെയ്തു. തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിലെ ഡോക്ടർമാരും മനുഷ്യസ്നേഹികളും സഹായിച്ചു. ചികിത്സ തുടരാനും ചൈതന്യവത്തായ ആഹാരം അവർക്കു ഉറപ്പുവരുത്താനും വേണ്ടതെല്ലാം സ്നേഹിതന്മാർ ചെയ്തു. അവർക്ക് ധനസഹായവും ഉറപ്പുവരുത്തി.

* എച്ച്ഐവി ബാധിതരായ ദമ്പതികളും അവരുടെ മകനും ഫോണിൽ വിളിച്ചു. മകൻ ജന്മനാ അണുബാധിതനാണ്. പഠിക്കാൻ മിടുക്കനാണ്. എയ്ഡ്സ് അണുവിരുദ്ധ ചികിത്സ സ്വീകരിക്കുന്ന ആ കുട്ടിയ്ക്ക് ഓൺലൈൻ ക്ളാസുകൾ കേൾക്കാൻ വേണ്ട സാങ്കേതിക ഉപകരണങ്ങൾ പാലിയേറ്റീവ് കെയർ സൊസൈറ്റിയിലെ വളണ്ടിയർമാർ നല്കി.

* മാഷേ, മറ്റൊരു ഫോൺ! പാലിയേറ്റീവ് കെയറിലെ യുവജന വിദ്യാർത്ഥി വിഭാഗത്തിൽ നിന്നാണ്. ഗ്രേസിയുടെ വീട്ടുകാരെ ഓർക്കുന്നോ? അമ്മയും ആറ് പെൺമക്കളുമുള്ള വീട്! അമ്മ കിടപ്പിലാണ്. രണ്ട് മക്കൾ ചില ആരോഗ്യപ്രശ്നങ്ങളുള്ളവരാണ്. മറ്റൊരു പെൺകുട്ടി കാൻസർ ചികിത്സ കഴിഞ്ഞു കിടക്കുന്നു. അവിടെയുള്ള ഒരു പെൺകുട്ടിയ്ക്ക് അവർ ഒരു ജോലി ശരിയാക്കിയിട്ടുണ്ട്. അവൾക്ക് വേണ്ട ചില വസ്ത്രങ്ങൾ പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ നിന്ന് കിട്ടിയിട്ടുണ്ട്. പക്ഷേ അവൾക്കു കുറച്ചുകൂടി ആവശ്യങ്ങളുണ്ട്. കുറച്ചുപണം വേണം. ഞാൻ എന്റെ ഒരു സുഹൃത്തിനെ വിളിച്ചു കാര്യം പറഞ്ഞു. അരമണിക്കൂർ കഴിഞ്ഞശേഷം അദ്ദേഹം എന്നെ തിരിച്ചുവിളിച്ചു. എന്റെ തപാൽപെട്ടിയിൽ ഒരു കവറുണ്ടെന്ന് അറിയിച്ചു. തുറന്നു നോക്കിയപ്പോൾ രണ്ടായിരം രൂപ!

* അല്പം പഴങ്ങൾ വാങ്ങാൻ പുറത്തിറങ്ങിയതാണ്. മാസ്ക് വേണ്ടവിധം ധരിച്ചിട്ടുണ്ട്. പക്ഷേ അയൽക്കാരൻ വഴിതടഞ്ഞു. അയാൾ പഴം വാങ്ങിക്കൊണ്ടുവന്നു. അയാളുടെ മകന് ഒരു ലാപ്ടോപ്പ് വാങ്ങണം. പണം കയ്യിലുണ്ട്. വിശ്വസിക്കാൻ കൊള്ളാവുന്ന ഒരാളെ സഹായത്തിനുവിടണം. പാലിയേറ്റീവ് കെയറിൽ വരുന്ന ഒരു യുവസന്നദ്ധപ്രവർത്തകനായാൽ സന്തോഷം. അവരുടെ പ്രവർത്തനങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. ഞായറാഴ്ചകളിൽ അവർ രോഗികളെ വീട്ടിലെത്തി കുളിപ്പിച്ചതുകണ്ടപ്പോൾ അയാൾ ഒരിക്കൽ കാപ്പിയുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ആ യുവാക്കളിലാരെങ്കിലുമായാൽ വളരെ സന്തോഷം. സ്റ്റുഡൻസ് ഇനീഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയറിലെ രണ്ടുപേർ സഹായിച്ചു. ഇന്റർനെറ്റ് കണക്ഷനുവേണ്ട സൗകര്യവുമൊരുക്കി ക്കൊടുത്തു.

* എച്ച്ഐവി ബാധിതരുടെ മനുഷ്യാവകാശങ്ങൾ സംബന്ധിച്ച് പോലീസുകാർക്ക് ക്ളാസ് എടുക്കാറുണ്ട്. വനിതാ വികസന സമിതിയാണ് ഈ ക്ളാസുകൾ സംഘടിപ്പിക്കാറുള്ളത്. അവർക്ക് ഇതുസംബ

ഡിച്ച് ഒരു ചർച്ചാക്ളാസ് വീഡിയോ രൂപത്തിൽ വേണം. ഫോട്ടോജനിക്കായ ഒരു വനിത ചോദ്യങ്ങൾ ഉന്നയിക്കണം. താങ്കൾ മറുപടി പറയണം. ആ രൂപത്തിലുള്ള വിഡിയോആയിരിക്കണം. ചില വനിതകളെ വിളിച്ചു. വിഷയം എച്ച്ഐവി ബാധയുമായി ബന്ധപ്പെട്ടതാകയാൽ എല്ലാവരും മടിച്ചു. ഒരു വനിതാ സൈക്കോളജിസ്റ്റ് യാതൊരു മുൻപരിചയവുമില്ലെങ്കിലും സഹായം വാഗ്ദാനം ചെയ്തു. പരിപാടി ഭംഗിയായി. വനിതാ വികസനസമിതിയും വിഡിയോ കണ്ട പോലീസുകാരും നന്ദി അറിയിച്ചു. കൊറോണക്കാലത്ത് ക്ളാസിനുപകരം വിഡിയോ ചിത്രം നൽകിയതിന് പ്രത്യേകം നന്ദിയെന്ന് കൂട്ടിച്ചേർത്തു.

* പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിലെയും ജനനീതിയിലെയും കേരള ശാസ്ത്രസാഹിത്യപരിഷത്തിലെയും സൊലെസിലെയും ഹീമോഫീലിയ സൊസൈറ്റിയിലെയും സുഹൃത്തുക്കൾ ഫോൺവഴി സുഖാന്വേഷണം നടത്തും; പുറത്തിറങ്ങരുതെന്ന് ആവർത്തിച്ചു പറയും. അടുത്തവർഷം കുന്നംകുളം ഹീമോഫീലിയ സൊസൈറ്റിയുടെ 25-ാം വാർഷികമാണ്. അപ്പോഴേക്ക് ഹീമോഫീലിയ അടക്കമുള്ള രക്തസ്രാവ വൈകല്യങ്ങളെക്കുറിച്ച് ഒരു പുസ്തകം മലയാളത്തിൽ തയ്യാറാക്കണം. ആവശ്യമുന്നയിച്ചത് ഹീമോഫീലിയ കുടുംബങ്ങളാണ്. നിഷേധിച്ചു കൂടാ. പുസ്തകത്തിന്റെ ഉള്ളടക്കം പ്ളാൻ ചെയ്തു. നാലുഭാഗങ്ങളിലായി 33 അദ്ധ്യായങ്ങൾ വേണം. അദ്ധ്യായങ്ങളുടെ പേരുകൾ മലയാളത്തിലെഴുതി കേരളത്തിലെ അറിയപ്പെടുന്ന ഒരു ഹിമറ്റോളജിസ്റ്റിന് അയച്ചുകൊടുത്തു. മറുപടി വന്നു. ഉള്ളടക്കം നൂറുശതമാനം സ്വീകാര്യം തന്നെ. പക്ഷേ രക്തസ്രാവവൈകല്യങ്ങളുള്ള വനിതകളുടെ പ്രശ്നങ്ങളെക്കുറിച്ച് ഒരു അദ്ധ്യായം കൂടി പ്രത്യേകം ഉൾക്കൊള്ളിക്കണം. എഴുത്തുതുടങ്ങി. ഇടയ്ക്ക് ആവേശത്തോടെ പേജുകൾഎഴുതും. ഇടയ്ക്ക് വേദനയുണ്ടാകും. (എന്റെ രോഗം ഓർമ്മിപ്പിക്കുകയാണ്: അഹങ്കരിക്കരുത് ഞാൻ നിന്നോടുകൂടിയുണ്ട്!) വേദനയുണ്ടായാൽ കിടക്കും. ചിലപ്പോൾ ഉറങ്ങിപ്പോകും. എങ്കിലും 29 അധ്യായങ്ങൾ എഴുതിക്കഴിഞ്ഞു. തമിഴ്നാട്ടിൽ നിന്നും ബങ്കാളിൽ നിന്നും ദൽഹിയിൽ നിന്നും എഴുതാൻ വേണ്ട വസ്തുതകൾ ഉൾക്കൊള്ളുന്ന പ്രബന്ധങ്ങളുടെ ഫോട്ടോകോപ്പികൾ സ്നേഹിതന്മാർ അയച്ചുതന്നു. പുസ്തകം പൂർത്തിയാക്കാതെ വയ്യ. പ്രസിദ്ധീകരിക്കാൻ വേണ്ട പണം തരാമെന്ന് ഒരു സ്നേഹിതന്റെ വാഗ്ദാനവും കിട്ടിയിരിക്കുന്നു.

●

# മുതിർന്നവരും മഹാമാരിയും

**പി. കൃഷ്ണകുമാർ**

കൊറോണയെന്ന സൂക്ഷ്മവൈറസ് മൂലമുണ്ടായ കൊവിഡ് – 19 എന്ന മഹാമാരിയുടെ ദ്രുതഗതിയിലുള്ള വ്യാപനം ലോകത്തെയാകെ വല്ലാത്തൊരു നിശ്ചലതയിൽ തളച്ചിട്ടിരിയ്ക്കുകയാണ്. എന്തിനെന്നറിയാതെ, ഏതിനെന്നറിയാതെ ഭ്രാന്തമായൊരു വേഗതയിൽ മത്സരിച്ച് കുതിച്ചുകൊണ്ടിരുന്നവർ, പെട്ടെന്ന് പിടിച്ചുകെട്ടിയപോലെ നിശ്ചലരായിരിയ്ക്കുന്നു. ഇന്നലെവരെ ഒന്നിനും സമയമില്ലാതിരുന്നവർക്ക്, ആശ്വാസത്തോടെ ഒന്നിരുന്ന് എവിടേയ്ക്കായിരുന്നു ഈ പാഞ്ഞിരുന്നത് എന്നാലോചിയ്ക്കാൻ ഇപ്പോൾ ആവശ്യത്തിന് സമയമുണ്ട്.

വ്യാവസായിക വിപ്ളവത്തിനുശേഷം പ്രത്യേകിച്ചും കഴിഞ്ഞ അരനൂറ്റാണ്ടിൽ മനുഷ്യൻ പിന്തുടർന്ന വികലമായ വികസനസങ്കല്പത്തിന് പ്രകൃതി നൽകിയ തിരിച്ചടിയാണ് ഇന്നത്തെ അവസ്ഥയെന്ന് കരുതുന്നവർ ഏറെയാണ്. അനന്തമായ വികസനമെന്നത് സാധ്യമല്ലെന്നും വികസനത്തിനും പരിധിയുണ്ടെന്നും പ്രകൃതി മനുഷ്യനെ പഠിപ്പിയ്ക്കുകയാണെന്ന് അവർ കരുതുന്നു. ഈ ഭൂമിയുടെ പ്രകൃതിയുടെ നിലനില്പിന് മനുഷ്യൻ അനിവാര്യമല്ലെന്നും മനുഷ്യവംശത്തിന്റെ നിലനില്പിന് പ്രകൃതിയാണ് അനിവാര്യമെന്നും ഉറപ്പിയ്ക്കുകയാണ്. മനുഷ്യർ വീടുകളിൽ അടച്ചിരിയ്ക്കുന്ന ഈ നാളുകളിൽ പ്രകൃതി അതിന്റെ സ്വച്ഛതയെ, നൈർമ്മല്യത്തെ വീണ്ടെടുക്കുകയാണ്.

ആഗോളീകരണത്തിനേറ്റ ആഘാതമാണ് മറ്റൊരു വശം. ലോകത്തിന്റെ ഏതൊരു കോണിലായാലും ഏറ്റവും ചെലവ് കുറഞ്ഞ, ഏറ്റവും കൂടുതൽ ലാഭം കിട്ടുന്നയിടത്ത് ഉല്പാദിപ്പിച്ച് എങ്ങോട്ടു വേണമെങ്കിലും ചരക്കെത്തിയ്ക്കുകയെന്നതായിരുന്നു ആഗോളീകരണത്തിന്റെ തന്ത്രം. ആ ആശയവും ഇപ്പോൾ തകരുകയാണ്. പ്രാദേശികമാണ് നല്ലതും സ്ഥായിയുമെന്ന് ജനങ്ങൾ തിരിച്ചറിയുകയാണ്. ഈ കെട്ടകാലത്ത് വൻകിടമാളുകളും സൂപ്പർ മാർക്കറ്റുകളുമല്ല, മറിച്ച് അയൽപക്കത്തുള്ള ചെറുകടകളാണ് നമ്മുടെ ദൈനംദിനാവശ്യങ്ങൾ നിറവേറ്റിയത്. അങ്ങനെ പലതരത്തിൽ കൊവിഡാനന്തര ലോകത്ത് മനുഷ്യന്റെ ജീവിതവും തൊഴിലുമെല്ലാം അടിമുടി മാറുമെന്ന സൂചനകളാണ് പുറത്തുവരുന്നത്. വിവരസാങ്കേതിക വിദ്യയുടെ വമ്പിച്ച മുന്നേറ്റം സാധ്യമാക്കിയ, തൊഴിൽമേഖലയിലെ പല അടിസ്ഥാനപരമായ മാറ്റങ്ങളും ഈ സന്ദർഭത്തിൽ വേഗത്തിൽ പ്രാബല്യത്തിലായി. വീട്ടിലിരുന്ന് ജോലിയെന്ന ഇന്ന് അടിയന്തിരമായി ചെയ്യേണ്ടി വന്ന രീതി, നാളെയുടെ സ്വഭാവമായി മാറുകയാണ്. അതോടൊപ്പം തന്നെ മുഖമറ ധരിയ്ക്കൽ, സാമൂഹിക അകലം പാലിയ്ക്കൽ, വ്യക്തി ശുചിത്വം തുടങ്ങിയവ കുറച്ചുകാലത്തേയ്ക്കെങ്കിലും നടപ്പുമര്യാദകളായി മാറുകയാണ്.

മുതിർന്ന പൗരന്മാർ, ഗർഭിണികൾ, കുട്ടികൾ, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുള്ളവർ എന്നിവർ പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കി വീടുകളിൽ തന്നെ കഴിയണമെന്നാണ് വിദഗ്ദ്ധർ നിർദ്ദേശിയ്ക്കുന്നത്. ആളുകൾ കൂട്ടം കൂടുന്നപരിപാടികൾ ഉപേക്ഷിയ്ക്കണമെന്നും ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ മാത്രമേ ആളുകൾ പുറത്തിറങ്ങാവൂയെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

സുരക്ഷാകാരണങ്ങളാലുള്ള മേൽപ്പറഞ്ഞ നിർദ്ദേശങ്ങളും കൊവിഡിനുശേഷം രൂപപ്പെടുന്ന ലോകരീതികളും മനുഷ്യരുടെ ജീവിതത്തേയും തൊഴിലിനേയും വിനോദത്തേയും സമഗ്രമായി മാറ്റിമറിയ്ക്കുവാനാണ് സാധ്യത. തീർച്ചയായും ഈ മാറ്റങ്ങൾ യാത്രാവശ്യങ്ങളേയും രീതികളേയും കൂടി കാര്യമായി സ്വാധീനിയ്ക്കും. കൊവിഡ് എന്ന മഹാമാരിയുടെ വ്യാപനം ചെറുക്കുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പൊതുഗതാഗതത്തെ ദോഷകരമായി ബാധിയ്ക്കുന്ന നിലയാണ് ഇപ്പോഴുള്ളത്. കൂനിന്മേൽ കുരുവെന്നപോലെ യാത്രാനിരക്ക് വർദ്ധനയും. സ്വകാര്യ വാഹനങ്ങളിന്മേലുള്ള അമിതമായ ആശ്രിതത്വം നമ്മുടെ സുസ്ഥിര വികസനസല്പങ്ങളെ അട്ടിമറിയ്ക്കുന്നതാണ്. രൂക്ഷമായ അന്തരീക്ഷ മലിനീകരണവും അനന്തമായ ഗതാഗതക്കുരുക്കുകളുമാണോ, കൊവിഡാനന്തരകാലത്ത് നമ്മെ കാത്തിരിയ്ക്കുന്നത്?

റിവേഴ്സ് ക്വാറന്റൈൻ എന്ന രോഗപ്രതിരോധ സംവിധാനം മുതിർന്ന പൗരന്മാരുടെ ചലന സ്വാതന്ത്ര്യത്തെയാണ് ഏറ്റവുമധികം ബാധിച്ചിട്ടുള്ളത്. ആരാധനാലയങ്ങളിലും കച്ചവട കേന്ദ്രങ്ങളിലും വിവാഹം, മരണം പോലുള്ള ചടങ്ങുകളിലും പങ്കെടുക്കാവുന്നവരുടെ എണ്ണം നിയന്ത്രിയ്ക്കുന്നതും ഈ വിഭാഗത്തെയാണ് അകറ്റുന്നത്. രാവിലെയോ വൈകീട്ടോ ആരാധനാലയങ്ങളിലും പകൽ സമയത്ത് പോസ്റ്റോഫീസുകളിലും ബാങ്കുകളിലും ട്രഷറികളിലും വാണിജ്യസ്ഥാപനങ്ങളിലുംഒക്കെ കയറിയിറങ്ങിയിരുന്ന 65 കഴിഞ്ഞവർ പുതിയ നിർദ്ദേശമനുസരിച്ച് പൂർണ്ണമായും മുറികളിൽ തന്നെ കഴിയേണ്ട അവസ്ഥയിലാണ്. വിവാഹംപോലുള്ള ചടങ്ങുകളും ആരാധനാലയങ്ങളിലും മറ്റുമുണ്ടായിരുന്ന പൊതുപരിപാടികളും മുതിർന്നവരെ ഒഴിവാക്കുകയോ, അമെല്ലങ്കിൽ ഇല്ലാതാവുകയോ ചെയ്തതോടെ തികച്ചും ഒറ്റപ്പെട്ട്, ഏകാന്തതയിലാവുകയാണ് മുതിർന്നവരുടെ ജീവിതം. നമ്മളായിട്ട് രോഗം പകർത്തിയെന്ന പേരുദോഷം ഒഴിവാക്കാനായി അയൽക്കാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ സന്ദർശിയ്ക്കുന്നത് പോലും ഒഴിവാക്കുകയാണ്. ഒറ്റയ്ക്കും ദമ്പതികൾ മാത്രമായും താമസിയ്ക്കുന്ന മുതിർന്ന പൗരന്മാതെയാണ് ഇത് ഏറ്റവും ബാധിയ്ക്കുന്നത്. മക്കളുടെ കൂടെ താമസിയ്ക്കുന്നവർക്കാണെങ്കിൽ, പുറത്തുപോയി വരുന്നവരിൽ നിന്നും രോഗം പകരാൻ സാധ്യതയുണ്ടെന്ന പേരിൽ സ്വന്തം മുറിയിൽ നിന്നുതന്നെ പുറത്തിറങ്ങാൻ അനുവാദമില്ല. ചുരുക്കത്തിൽ ആരോഗ്യരംഗത്തുണ്ടായ പുരോഗതിയുടെ ഫലമായി ലഭിച്ച വർദ്ധിച്ച ആയുസ്സ് മുതിർന്നവർക്ക് ഒരു ബാധ്യതയായി മാറുന്ന സ്ഥിതിവിശേഷമാണ്.

●

# കോവിഡ്–19 എന്റെ ജീവിതത്തിൽ

റിജി സി. എ

മാർച്ച് 21. അന്നൊരു ശനിയാഴ്ചയായിരുന്നു. വൈകീട്ട് ആറ് മണിയ്ക്കുള്ള വാർത്ത കാണുമ്പോൾ നാളെ മുതൽ തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട എന്നിവിടങ്ങളിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നു. എന്തിനാണ് ഇവിടെ ലോക്ക് ഡൗൺ എന്നാണ് ആദ്യം ചിന്തിച്ചത്.

ഡിസംബർ അവസാനം, ജനുവരി മുതൽ കേട്ട് തുടങ്ങിയതാണ് ചൈനയിൽ വൈറസ് ബാധ. നിതേ്യന ആളുകൾ മരിയ്ക്കുന്നു. ചൈനയിലും, ഇറ്റലിയിലും വൈറസ് ബാധമൂലം ലക്ഷക്കണക്കിന് ആളുകൾ ഇതിനകം മരിച്ചുകഴിഞ്ഞു. മറ്റ് രാജ്യങ്ങളിലേയ്ക്കും വൈറസ് ബാധ വ്യാപിയ്ക്കുന്നു എന്നറിവ് എല്ലാവരേയും ഭീതിയിലാഴ്ത്തി.

ലോക്ക് ഡൗൺ പ്രമാണിച്ച് എല്ലാവരും ജോലിയില്ലാതെ വീട്ടിലിരിപ്പായി. കുട്ടികൾ വളരെ സന്തോഷത്തിലാണ്. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ നടപ്പിലാക്കാൻ അപ്പനും അമ്മയും വീട്ടിലുണ്ടല്ലോ. ഇതിൽപരം അവർക്കെന്തുവേണം? വലുപ്പച്ചെറുപ്പമില്ലാതെ അമ്മച്ചിയടക്കമുള്ള കവിടി കളിയും, പാമ്പും ഗോവണി കളിയുമെല്ലാം ഒന്നുവേറെ തന്നെയായിരുന്നു. അങ്ങനെ ഒരാഴ്ച സന്തോഷത്തോടെ കടന്നുപോയി.

പിന്നീടുള്ള ദിവസങ്ങളിൽ, കുഞ്ഞുനാളിൽ പുസ്തകത്താളുകളിൽ മാത്രം വായിച്ചുപഠിച്ച ബാർട്ടർ സമ്പ്രദായം ജീവിതത്തിൽ പ്രാവർത്തികമാക്കിയതിന്റെ ആഹ്ളാദമായിരുന്നു. ഗോവക്ക കൊടുക്കുന്നു; ചക്ക കിട്ടുന്നു.മുരിങ്ങക്കായ കൊടുക്കുന്നു; കൊള്ളി ലഭിക്കുന്നു. വഴുതിനിങ്ങ കൊടുക്കുന്നു; മാങ്ങ വാങ്ങുന്നു. ഇങ്ങനെപ്പോയി ഒരാഴ്ച.

കുട്ടികളുടെ ഓൺലൈൻ പഠനം തുടക്കത്തിൽ ചില്ലറ ആശങ്കയല്ല എന്നിലുണ്ടാക്കിയത്. എന്നാൽ മാധ്യമങ്ങളിലൂടെയുള്ള പഠനം കുട്ടികളെ കൂടുതൽ ശ്രദ്ധയുള്ളവരാക്കി തീർക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. കുട്ടികളുടെ കഴിവുകളും ഭാവനകളും ലോക്ക് ഡൗൺ കാലത്ത് അവർ നടപ്പാക്കി.

മരുന്ന് കണ്ടുപിടിക്കപ്പെടാതിരുന്ന വൈറസ് ബാധ ചില്ലറ മാറ്റങ്ങളൊന്നുമല്ല നമ്മുടെ നാട്ടിൽ വരുത്തിയിട്ടുള്ളത്. നിസ്സാര കാര്യങ്ങൾ പോലും വലിയ ആഘോഷങ്ങളാക്കി മാറ്റി ആർഭാടജീവിതം നയിച്ചിരുന്ന നമുക്ക് നല്ലൊരു അടിയായി ഈ കോവിഡ്. എല്ലാറ്റിനേയും നിസ്സാരമായി കാണുന്ന യുവതലമുറയെ പിടിച്ചൊന്നുലക്കാൻ ഇതിന് സാധിച്ചു എന്നുതന്നെയാണ് എന്റെ വിശ്വാസം. തിക്കും തിരക്കും പിടിച്ച നമ്മുടെ ജീവിതത്തെ പൂർവ്വീകരുടെ ആ പഴയകാലത്തിലേയ്ക്ക് കൊണ്ടുപോയി എന്നുതന്നെ പറയാം.

കോവിഡ് മൂലം ജോലിയും ഒന്നിടവിട്ട ആഴ്ചകളിലായി. സാമൂഹിക അകലം പാലിയ്ക്കുന്നതുകൊണ്ട് സഹപ്രവർത്തകർ പരസ്പരം കാണാതെയായി. ആദ്യമെല്ലാം അത് വിഷമമായിരുന്നെങ്കിലും ഇപ്പോൾ അതൊരു ശീലമായി മാറി. മുപ്പത് ജീവനക്കാരുള്ളിടത്ത് വെറും എട്ടുപേർ. ലോക്ക് ഡൗൺ പ്രമാണിച്ച് ക്ളിനിക്കിലെ പ്രവർത്തനങ്ങൾ പല വിഭാഗത്തിലും നിശ്ചലമായി. ഹോംകെയർ പോകാതിരുന്നതുകൊണ്ട് തുടരെ തുടരെ രോഗികളുടെ ഫോൺവിളികൾ.

അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ അരവിന്ദാക്ഷൻ സർ വിളിച്ച് നമ്മുടെ പേഷ്യൻസിന്റെ സുഖവിവരങ്ങൾ ഫോൺവിളിച്ച് തിരക്കാൻ പറഞ്ഞു. ക്ളിനിക്കിലെത്തിയപ്പോൾ സതീഷ് സാറും ഇതേ ആവശ്യം ഉന്നയിയ്ക്കുകയും; അവരുടെ ആവശ്യങ്ങൾ ചോദിച്ചറിയുവാനും നിർദ്ദേശിച്ചു. ഫോൺ വിളിക്കാൻ പറഞ്ഞപ്പോൾ ആദ്യം എനിയ്ക്ക് ഒരു മടിയായിരുന്നു. കാരണം സ്വതവേ പരുക്കൻ സ്വഭാവക്കാരിയായ ഞാൻ ഫോൺവിളിച്ചാൽ അവർക്കെന്ത് തോന്നും; അവരുടെ പ്രതികരണം എന്തായിരിക്കുമെന്ന ഒരു ആശയക്കുഴപ്പം. മടിച്ച് മടിച്ച് ഞാൻ വിളി തുടങ്ങിയെങ്കിലും പിന്നീട് എനിക്ക് അതൊരു ഹരമായി മാറുകയായിരുന്നു. രോഗികളോട് അത്ര അടുപ്പം കാണിക്കാറില്ലാത്ത ഞാൻ അവരുടെ വീട്ടിലെ ഒരംഗമായി മാറിയതുപോലെ. നമ്മൾ വിളിക്കുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷം ഞാൻ ശരിയ്ക്കും ആസ്വദിച്ചു.

മാസങ്ങൾ പിന്നിടുമ്പോൾ എന്നിലുണ്ടായ സന്തോഷം പയ്യെ പയ്യെ മങ്ങാൻ തുടങ്ങി. എത്രനാൾ ഇങ്ങനെ എന്ന ചിന്ത എന്നെ അലട്ടാൻ തുടങ്ങി. ഇനി മുതൽ എവിടെ ചുരുങ്ങണം, എങ്ങനെ ചുരുക്കണം എന്ന ചിന്ത തെല്ലൊന്നുമല്ല എന്നെ ധർമ്മസങ്കടത്തിലാക്കിയത്. കാരണം ചുറ്റിനും അത്യാവശ്യം മാത്രം. കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ച് പോവുകയാണോ? ഇത്തരം സന്ദർഭങ്ങളിൽ എന്റെ ആശ്രയം ആരാധനാലയമായിരുന്നു. നിത്യേന ഒരു മണിക്കൂർ അവിടെ ചെലവഴിക്കുമ്പോൾ എനിക്ക് ലഭിച്ചിരുന്ന മനോധൈര്യം ഒന്നുവേറെ തന്നെയായിരുന്നു. എന്നാൽ ഇപ്പോൾ അതും അസാധ്യം.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഈ മൂന്ന് മാസക്കാലം എല്ലാ ആവശ്യങ്ങളും മുടക്കമില്ലാതെ നടത്താൻ എനിക്ക് സാധിച്ചു. അതിന് കാരണം

"സൈന്യമെന്നെ വളഞ്ഞാലും
വൈരികൾ പിന്തുടർന്നാലും
ഭീതിയില്ലെനിക്കുതെല്ലും
ദൈവമാണെൻ പാലകൻ" എന്നതുതന്നെ.

●

# കോവിഡ്കാലത്തെ സാന്ത്വനചികിത്സാപ്രതിസന്ധികൾ

**സുശീല മാധവൻ**

2020 മാർച്ച് അവസാന ആഴ്ചയിൽ കോവിഡ് മഹാമാരിക്കെതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിച്ചല്ലൊ. ഇതിനെത്തുടർന്ന് PPCS ലെ (Pain & Palliative Care Society) പ്രവർത്തനങ്ങളിലും ചില മാറ്റങ്ങൾ ഉണ്ടായി. ഇവിടത്തെ സന്നദ്ധപ്രവർത്തകരിൽ ഭൂരിപക്ഷവും മുതിർന്ന പൗരന്മാരാണ് എന്ന വസ്തുത ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ടായിരുന്നു. സ്വാഭാവികമായും, സേവനങ്ങൾ അവതാളത്തിലായി. ഈ പ്രതിസന്ധി തരണം ചെയ്യാനായി പല സേവനങ്ങളും വെട്ടിക്കുറക്കേണ്ടതായി വന്നു. അത്യാവശ്യമായ സേവനങ്ങൾ മാത്രം വളരെ കുറച്ച് സന്നദ്ധപ്രവർത്തകരെ വെച്ച് തുടരേണ്ടത് അനിവാര്യമായിത്തീർന്നു. ഗൃഹസന്ദർശനങ്ങൾ പരിമിതപ്പെടുത്തി, അത്യാസന്ന ഘട്ടത്തിലുള്ള രോഗികൾക്കു മാത്രം കേന്ദ്രത്തിൽ കിടപ്പു രോഗികളായി പ്രവേശനം നലകി. ഫിസിയോതെരപ്പി യൂണിറ്റ് താൽക്കാലികമായി നിർത്തിവെച്ചു. ഒ.പിയിലെ സേവനങ്ങളാകട്ടെ ഒരു ഡോക്റ്റർ, ഒരു നേർസ്, രണ്ട് സന്നദ്ധസേവകർ ഇവരടങ്ങിയ ചെറു സംഘത്തിൽ ഒതുക്കി.

എം ഹാറ്റുമായി തോൾചേർന്ന് (Mental Health Action Trust) തൃശ്ശൂർ മേഖലയിൽ മാനസികരോഗികൾക്കായി PPCS നൽകി വരുന്ന സേവനങ്ങൾ ഈ സാഹചര്യത്തിൽ തുടരുന്നത് വലിയൊരു വെല്ലുവിളിയായി. എം ഹാറ്റിൽ പ്രവർത്തിക്കുന്നത് മുതിർന്ന പൗരന്മാരായ സന്നദ്ധസേവകർ മാത്രം അടങ്ങുന്ന ഒരു ഗ്രൂപ്പ് ആണ്. പലരുടേയും കാര്യത്തിൽ അവർ വീടിന് വെളിയിൽ പോകുന്നത് തന്നെ ഉറ്റവർ വിലക്കുന്ന സ്ഥിതിയായി. ശേഷിച്ചവർ മൂന്നുപേരായി ചുരുങ്ങി. മാത്രമല്ല എം ഹാറ്റ് ഓ.പി നടക്കണമെങ്കിൽ ആസ്ഥാനമായ കോഴിക്കോടു നിന്ന് ഡോക്റ്റർമാർ എത്തുകയും വേണം. അവർക്ക് യാത്രചെയ്യാൻ പറ്റാതായി. ഭാഗ്യവശാൽ അവിടത്തെ പ്രധാന ഡോക്റ്റർ ഡോ. മനോജ്കുമാർ രോഗികളുടെ വിവരങ്ങൾ ഫോൺ വഴി കേട്ട് മനസ്സിലാക്കി ഉപദേശം നൽകാൻ തയ്യാറായിരുന്നു. സംസ്ഥാനത്തിനുള്ളിൽ പലയിടങ്ങളിലായി അമ്പതിലേറെ ക്ളിനിക്കുകൾ ഉള്ള എം. ഹാറ്റ് എല്ലാ രോഗികളുടേയും വിവരങ്ങൾ കംപ്യൂട്ടറൈസ് ചെയ്തതിട്ടുണ്ട്. അതിനാൽ കോഴിക്കോട്ടുനിന്ന് ഉപദേശം നൽകുന്നത് അവിടത്തെ ഡോക്റ്റർമാർക്ക് സാദ്ധ്യമാണ്. എങ്കിലും രോഗികളുടെ വീടുകളിൽ മരുന്നെത്തിക്കുക തുടങ്ങിയ ജോലികളുണ്ട്. അതൊക്കെ ഞങ്ങൾ മൂന്ന് പേർ ചേർന്ന് തുടരാം എന്ന് തീരുമാനിച്ചു. തീർന്നില്ല, ഫോൺ വഴി രോഗികളെ നോക്കുന്നവരുമായി സംവദിക്കേണ്ടതും ആവശ്യമാണ്. വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ സാധിക്കാത്ത ആൾ പ്രധാനപ്പെട്ട ഈ ജോലി ചെയ്തു. ആഴ്ചയിൽ ഒരിക്കൽ റിവ്യൂ ചെയ്തിരുന്ന കേയ്സുകൾ രണ്ടാഴ്ചയിലൊരിക്കൽ ആക്കി, അപ്പോൾ ഈ മൂന്ന് പേർക്ക് രണ്ടാഴ്ചകൂടുമ്പോൾ പോയാൽ മതിയല്ലൊ. രോഗികൾക്ക് കൊടുക്കുന്ന മരുന്നുകളും അവയുടെ കണക്കുകളും സൂക്ഷിക്കുന്ന ഉത്തരവാദിത്വവും ഇവർക്ക് ഏറ്റെടുക്കേണ്ടി വന്നു. ആ മരുന്നുകൾ ഡോക്റ്ററുടെ ഉപദേശപ്രകാരം ഡോസേജ് നോക്കി കവറുകളിലാക്കി ഓരോ വീടുകളിലും എത്തിക്കണം. അവ എങ്ങിനെ ഏതെല്ലാം സമയത്ത് കഴിക്കണം എന്ന് കവറിന്മേൽ കൃത്യമായി അടയാളപ്പെടുത്തണം. ഞങ്ങൾ നേരിട്ട് വീടുകളിൽ പോയി മരുന്ന് കൊടുക്കാൻ തുടങ്ങി.

ഇങ്ങിനെ തുടരവെ കോവിഡ് കേയ്സുകളുടെ എണ്ണം വർദ്ധിച്ചു. വീടുകൾ സന്ദർശിക്കുന്നത് ഞങ്ങളുടെ പ്രായം പരിഗണിച്ചുകൊണ്ട് ഒഴിവാക്കേണ്ടതാണ് എന്ന ചിന്തയിലേക്ക് ഞങ്ങൾ എത്തുകയായിരുന്നു. അപ്പോൾ മരുന്ന് എങ്ങിനെ എത്തിക്കും? മനോരോഗികളുടെ കാര്യത്തിൽ കൃത്യസമയത്ത് മരുന്ന് കൊടുക്കാതിരുന്നാലുള്ള ഭവിഷ്യത്ത് വളരെ ഭയാനകമാണ്. വല്ലാത്ത വിഷമത്തിലായി ഞങ്ങൾ. ഈ ഘട്ടത്തിലാണ് PPCS ന്റെ ആഭിമുഖ്യത്തിൽ വളർത്തിക്കൊണ്ടു വന്ന Students in Palliative Care (SIP) പ്രശംസനീയമായ സേവനമനോഭാവത്തോടുകൂടി സഹായിക്കാൻ എത്തിയത്. SIP ലെ പ്രവർത്തകനായ ശ്രീരാഗുമായി ഞാൻ ഇതിനെപ്പറ്റി ചർച്ച ചെയ്തു. തന്റെ സുഹൃത്തുക്കളായ സ്റ്റെഫിൻ, സ്റ്റെഗിൻ, ജിഷ്ണു എന്നിവരുമായി കൂടിയാ

ലോചിച്ച് പരിഹാരമുണ്ടാക്കാമെന്ന് ശ്രീരാഗ് ഉറപ്പ് നൽകി . ബ്ളഡ് ഡോണേർസ് ഗ്രൂപ്പിലെ സന്നദ്ധപ്രവർത്തകരാണ് ഇവർ. നാട്ടിലെ പലവിധ സേവന പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവർ. ഈയിടെ മാന്ദാമംഗലത്തെ ഒരു നിർദ്ധനകുടുംബത്തിന് വീട് പണിതു കൊടുത്ത ചെറുപ്പക്കാരുടെ കൂട്ടത്തിൽ സ്റ്റെഫിൻ ഉണ്ടായിരുന്നു. ഇവരെല്ലാം മനുഷ്യസ്നേഹികളായ ചെറുപ്പക്കാരാണ്, ചില രാഷ്ട്രീയ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്നവരുമാണ്. ഇവരെ വിളിച്ച് ഞാൻ കാര്യം പറഞ്ഞു. മൂന്നു പേരും മരുന്ന് വീടുകളിൽ എത്തിക്കാൻ സന്നദ്ധരാണെന്ന് അറിയിച്ചു. വളരെ ആശ്വാസം തോന്നിയ സന്ദർഭമായിരുന്നു അത്. നമ്മൾ മരുന്നെത്തിക്കും എന്ന് വിശ്വസിച്ച് സമാധാനിച്ച് കഴിയുന്ന അസഹായരായ മനുഷ്യരെ കൈവിടേണ്ടി വന്നില്ലല്ലോ.

മാറിയ സാഹചര്യത്തിൽ, എം.ഹാറ്റിലെ സൈക്കോളജിസ്റ്റായ ശ്രീ ഷുക്കൂർ വീട്ടിലിരുന്ന് രോഗികളുമായി ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങൾ ആരാഞ്ഞശേഷം ഡോക്റ്റർമാരുമായി ചർച്ച ചെയ്ത് വിവര്ങ്ങൾ വാട്ട്സ് ആപ്പു വഴി എന്നോട് പങ്കു് വെക്കാൻ തുടങ്ങി. ഓരോ രോഗികൾക്കും നിർദ്ദേശിക്കപ്പെട്ട മരുന്നുകളും കഴിക്കേണ്ട സമയക്രമവും അറിയാനും രേഖപ്പെടുത്താനും ഇതോടെ സാധിച്ചു. ഞങ്ങളും നിരന്തരം രോഗികളുമായി ഫോൺ വഴി വിവരങ്ങൾ അന്വേഷിക്കുന്നത് തുടർന്നു. രോഗികളെ ക്ളിനിക്കിലേക്ക് വരുത്തുന്നത് മിക്കവാറും ഒഴിവാക്കാൻ ഈ ഫോൺ സമ്പർക്ക രീതി സഹായിച്ചു. രണ്ടാഴ്ചക്കുള്ള മരുന്നുകൾ ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിൽ അവരുടെ വീടുകളിൽ എത്തിക്കാം എന്ന ധാരണയിലേക്ക് വരാൻ ഇതോടെ സാധിച്ചു. ഓരോ രോഗിക്കും നിർദ്ദേശിക്കപ്പെട്ട മരുന്നുകളും കഴിക്കാൻ വേണ്ടതായ നിർദ്ദേശങ്ങളും അടങ്ങുന്ന കവർ തയ്യാറാക്കാൻ ഞങ്ങൾ ഈ ശനിയാഴ്ചകളിൽ ക്ളിനിക്കിലെത്തി. കവറിന് പുറത്ത് ഓരോരുത്തരുടേയും അഡ്രസ്സും അവിടേക്കുള്ള വഴിയും വ്യക്തമായി എഴുതി മേൽപ്പറഞ്ഞ യുവാക്കളെ വിളിച്ചറിയിക്കുകയും അവർ വന്ന് മരുന്നു കവറുകൾ ഏറ്റുവാങ്ങി എത്തിക്കേണ്ടിടങ്ങളിൽ എത്തിക്കുകയും ചെയ്യുന്ന രീതി ഇപ്പോൾ വിജയകരമായി നടക്കുന്നുണ്ട്. മരുന്നുകളുടെ സ്റ്റോക്ക് നിലനിർത്താൻ ആവശ്യമായ പ്രവർത്തനവും ക്ളിനിക്കിൽ ചെലവഴിക്കുന്ന ചുരുങ്ങിയ സമയം കൊണ്ട് തീർക്കേണ്ടതായും വരുന്നുണ്ട്. അതിനാൽ കൂടുതൽ വാളണ്ടിയർമാർക്ക് വരാൻ സാധിച്ചെങ്കിൽ എന്ന് ആഗ്രഹിച്ചുപോകുന്നുമുണ്ട്. ക്രമേണ ഈ സാഹചര്യങ്ങളിൽ അയവുവരും എന്ന ശുഭപ്രതീക്ഷ വെച്ചു പുലർത്തുകയാണ്.

തൃശ്ശൂരിൽ പല വാർഡുകളും കണ്ടേയ്മെന്റ് സോണുകളായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ മരുന്നുകൾ എത്തിക്കുന്നത് വീണ്ടും ദുഷ്കരമാകുമെന്ന് ഞങ്ങൾ ഭയപ്പെട്ടിരുന്നു. പക്ഷെ, തികഞ്ഞ ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലായുള്ള ഈ യുവാക്കളാകട്ടെ പോലീസിന്റേയും ഫയർഫോർസിന്റേയും സഹായം സ്വയം തേടിക്കൊണ്ട് മരുന്നുകൾ കൃത്യമായി വീടുകളിൽ എത്തിക്കുകയാണ്. അഭിനന്ദനീയമായ പ്രവർത്തനം! ഊർജ്ജസ്വലതയുള്ള യുവത്വം അധികാരികളുമായി കൈകോർത്ത് ഒരു സേവനശൃംഖല തന്നെ തീർത്തുകൊണ്ട് സിവിൽ സൊസൈറ്റിയുടെ രക്ഷക്കെത്തുന്നത് വളരെ ആശ്വാസത്തോടും ആദരവോടും കൂടി കാണേണ്ട സംഗതി തന്നെയാണ്.

ഇതിനിടയിൽ ഹൃദയസ്പർശിയായ ഒരു അനുഭവം കൂടി പങ്കു വെക്കട്ടെ. ഒരു ദിവസം മരുന്നുകൾ കൊണ്ടുപോയി കൊടുക്കാൻ ഫോണിൽ സ്റ്റെഫിനെ വിളിച്ചുപറഞ്ഞ് ഏൽപ്പിച്ച് ക്ളിനിക്കിൽ നിന്ന് വീട്ടിൽ തിരിച്ചെത്തി, വൈകുന്നേരമാകുമ്പോഴേക്കും മരുന്ന് എത്തുമെന്ന് രോഗികളുടെ വീടുകളിൽ വിളിച്ചു പറയുകയും ചെയ്തു. രാത്രി 7 മണിയായിക്കാണും, ഒരു രോഗിയുടെ അമ്മ വിളിക്കുന്നു, അവരുടെ വേവലാതി സ്വരത്തിൽ നിഴലിച്ചിരുന്നു, മരുന്ന് ഇനിയും എത്തിയിട്ടില്ല, രാത്രി കഴിക്കാൻ മരുന്നില്ല. അവരുടെ മകൻ 40 വയസ്സുള്ള വളരെയധികം വിഭ്രാന്തികളും അക്രമാസക്തിയും പ്രകടിപ്പിക്കുന്ന വ്യക്തിയാണ്. അടുത്തിടെ അച്ഛൻ മരിച്ചതിനെത്തുടർന്ന് മാനസികമായി കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഈ അമ്മയും മകനും വീട്ടിൽ തനിച്ചാണ്. മരുന്ന് കഴിച്ചില്ലെങ്കിൽ മകൻ രാത്രി ഉറങ്ങില്ല, പിന്നെ അക്രമാസക്തമായി മകൻ പെരുമാറുമോ എന്നും അമ്മ ഭയപ്പെടുന്നു. ഞാൻ ആകെ വിഷമത്തിലായി. അവരെ സമാധാനിപ്പിച്ചു, മരുന്ന് ഏത് വിധേനയും എത്തിക്കാം എന്ന് വാക്കുകൊടുത്തു. സ്റ്റെഫിനെ വിളിച്ചു, ഫോൺ കിട്ടുന്നില്ല. എന്റെ പരിഭ്രമം കൂടി. ഇതു കണ്ട എന്റെ ഭർത്താവ് എന്നെ സമാധാനിപ്പിച്ചു. ഒന്നും പേടിക്കേണ്ട എന്നും അത്യാവശ്യ ഘട്ടത്തിൽ നമ്മൾതന്നെ പോയി മരുന്ന് എത്തിക്കാമെന്നും അദ്ദേഹം സമാധാനിപ്പിച്ചു. (70 തിലേക്ക് കടക്കുന്ന താങ്കൾ റിവേഴ്സ് ക്വാറൻടൈനിലാണ്, ഞാൻ മനസ്സിൽ പറഞ്ഞു).

ഞാൻ വീണ്ടും സ്റ്റെഫിനെ വിളിച്ചു കൊണ്ടേയിരുന്നു. ഒടുവിൽ ഫോൺ കിട്ടി. സ്റ്റെഫിൻ പറഞ്ഞത് തന്റെ ബൈക്ക് കേടായി വർക്ക് ഷോപ്പിലായിരുന്നു എന്നും അതിനിടയിൽ ഫോൺ എടുക്കാൻ പറ്റിയില്ല എന്നും ആണ്. ഇപ്പോൾ ബൈക്ക് റിപ്പയർ കഴിഞ്ഞ് റെഡിയായിട്ടുണ്ടെന്നും ഉടനെത്തന്നെ മരുന്ന് എത്തി

ക്കാമെന്നുമാണ് ആ ചെറുപ്പക്കാരൻ എന്നോടു പറഞ്ഞത്. മഴ കനത്തു പെയ്യുന്നു. രാത്രി 8 മണി കഴിഞ്ഞു. ഇത്രയും പ്രതികൂല സാഹചര്യത്തിലും വളരെ ശുഷ്ക്കാന്തിയോടെ, പ്രസന്നമായ സ്വരത്തിലാണ് ആ കുട്ടി അത് പറഞ്ഞത്. "മാഡം ഒന്നുകൊണ്ടും ഭയപ്പെടേണ്ട. ഞാൻ ഒരു കാര്യം ഏറ്റാൽ അത് നടത്തിത്തരും." എന്നാണ് അദ്ദേഹം പറഞ്ഞത്. "മാഡത്തിന് ഫോൺചെയ്ത് ഞാൻ വിവരം പറയേണ്ടതായിരുന്നു, അത് തെറ്റായിപ്പോയി. സോറി." എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എനിക്ക് വളരെയേറെ ആശ്വാസമായി.

എം. ഹാറ്റിലെ രോഗികൾക്കുവേണ്ട മരുന്നുകൾ കോഴിക്കോട്ടുള്ള ഒരു ഏജൻസിയാണ് എത്തിക്കാറുള്ളത്. ഇവിടെ മരുന്നുകളുടെ സ്റ്റോക്ക് കഴിഞ്ഞപ്പോൾ ഞാൻ ഡോ. മനോജ്കുമാറിനോട് വിവരം പറഞ്ഞു. അദ്ദേഹം ആവശ്യമുള്ള മരുന്നുകളുടെ ലിസ്റ്റ് ആവശ്യപ്പെടുകയും ഫയർ ഫോർസ് വഴി മരുന്നുകൾ തൃശ്ശൂരിൽ എത്തിക്കുകയും ചെയ്തു. ഫയർഫോർസിന്റേയും പോലീസിന്റേയും സഹായം കോവിഡ്കാലത്ത് നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് വളരെ സഹായിച്ചിട്ടുണ്ട് എന്നു കൂടി രേഖപ്പെടുത്തേണ്ടതുണ്ട്. ●

# കോവിഡ് 19

**തമ്പി ജെ. കൊള്ളന്നൂർ**

വൈകുന്നേരങ്ങളിൽ കൃത്യസമയത്ത് ടിവിയ്ക്കുമുന്നിൽ ചെന്നിരുന്നാൽ, കോവിഡ് രോഗത്തെക്കുറിച്ച് സർക്കാർ പുറത്ത് വിടുന്ന കണക്കുകൾ കേൾക്കാം. ഈ രോഗം മൂലം മരണമടഞ്ഞവർ, രോഗം പിടിപെട്ട് ചികിത്സയിലുള്ളവർ, രോഗിയാണെന്ന് സംശയിക്കപ്പെടുന്നവർ, രോഗി പോയ വഴിയിലും വാഹനങ്ങളിലും കൂടെ സഞ്ചരിച്ചവർ എന്നിങ്ങനെ ഇനം തിരിച്ച കണക്കുകൾ! (രോഗം ഇനിയും വരാനുള്ളവരുടെ എണ്ണം മാത്രം പറയുന്നതായി കണ്ടിട്ടില്ല; ഭാഗ്യം!). ദേശം, വാർഡ്, പഞ്ചായത്ത്, നഗരം, ജില്ല, സ്റ്റേറ്റ്, രാജ്യം എന്നിങ്ങനെ പ്രത്യേകമായി വേർതിരിച്ച സംഖ്യകൾ ഒരൊറ്റ സ്ക്രീനിൽ കുത്തിനിറച്ച് പ്രദർശിപ്പിയ്ക്കാൻ ചാനലുകൾ മറന്നിരിയ്ക്കുന്നു! ഇതൊക്കെ കണ്ടും കേട്ടും ജനത്തിന് ആശ്വസിക്കാം, ഞാനീ പട്ടികയിലൊന്നും കയറിയിട്ടില്ലെന്ന്, അല്ലെങ്കിൽ താനാലിസ്റ്റിൽ വന്നുചേരാനുള്ള സാധ്യത ഓർത്ത് അങ്കലാപ്പിലാകാം.

മരിയ്ക്കുന്നതും ചികിത്സയിലിരിയ്ക്കുന്നതും വേണ്ടപ്പെട്ടവരാണെങ്കിൽ കൂടി ചെന്ന് കാണാനോ സഹായിക്കാനോ ആശ്വസിപ്പിക്കാനോ അനുവാദമില്ല. മരണപ്പെടുന്ന വേണ്ടപ്പെട്ടവരെ അവസാനമായി കണ്ട് ആദരം അർപ്പിക്കാനുള്ള സാധ്യതയും നിഷേധിയ്ക്കപ്പെട്ടിരിക്കുന്നു.

എന്തൊരു ഭീകരമായ അവസ്ഥ! ലോകമാകമാനം പടർന്ന്, മനുഷ്യജീവിനുകളെ നശിപ്പിക്കുന്ന ഈ രോഗാണുവിനെ തിറന്നുവിട്ടതാര്? ദൈവമൊ, മനുഷ്യനൊ? എന്തായാലും കഴിഞ്ഞ കുറെ മാസങ്ങളായി ഇവനെതിരെ ഒരു മരുന്ന് കണ്ടെത്താൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല.

മൂക്കും വായും മറച്ച് അത്യാവശ്യ വീട്ടുസാധനങ്ങൾ വാങ്ങാൻ ചെന്ന എന്നെ സ്ഥാപനത്തിന്റെ മുന്നിൽ എഴുതിവെച്ച ഒരു വാചകം തടഞ്ഞു നിർത്തി. എനിക്ക് 65 വയസ്സ് കഴിഞ്ഞിരിക്കുന്നു എന്നതായിരുന്നു എന്റെ പേരിലുള്ള കുറ്റം. മരണം വിധിച്ചിട്ടില്ലാത്ത കുറെ "കുറ്റവാളികൾ" ഇപ്പോഴും ലൊകത്തിൽ ജീവിച്ചിരിക്കുന്നുണ്ട്. ഇവരുടെ (കുട്ടികളുടെയും) കാര്യം കഷ്ടംതന്നെ!

വിലക്കുകളും നിയന്ത്രണങ്ങളും "ജാഗ്രത" യുടെ പേരിലാണ് ലോകത്തിലെ ലബോറട്ടറികളിൽ മരുന്നിനായുള്ള പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ വിജയത്തിനായി മനുഷ്യൻ ദാഹിച്ചുകൊണ്ടിരിക്കുന്നു.

ജോലി തേടിയും മറ്റും വീട് വിട്ട് രാജ്യത്തിനകത്തും പുറത്തും മാറി ജീവിക്കുന്നവരാണ് ഏറ്റവും കഷ്ടപ്പെടുന്നത്. അവരുടെ ജോലി നഷ്ടപ്പെട്ടിരിക്കുന്നു; കൂടാതെ രോഗത്തിന്റെ കടുത്തഭീഷണിയും. അവർക്ക് സ്വന്തം നാട്ടിലും വീട്ടിലുമെത്താൻ വാഹന സൗകര്യങ്ങൾ ഇല്ലാതായിരിയ്ക്കുന്നു. അഥവാ തിരിച്ചെത്തിയവർക്ക് സഹായം അത്യാവശ്യമാണ്. പണം, തൊഴിൽ, ചികിത്സ, കിടപ്പാടം, വസ്ത്രം എന്നിങ്ങനെ.

കാര്യങ്ങൾ കൈവിട്ടുപോകുന്നതായി സർക്കാരും സംശയിച്ചു തുടങ്ങിയിരിക്കുന്നു. സമൂഹവ്യാപനം തൊട്ടുമുന്നിലുണ്ട് എന്ന സത്യം മറച്ചുവെക്കാൻ കഴിയുന്നില്ല. സോഷ്യൽ ഡിസ്റ്റൻസ് മാത്രമേ വ്യാപനം തടയാനായി മാർഗ്ഗമുള്ളൂ എന്ന തിരിച്ചറിവ് ജനത്തിലെത്തിക്കാൻ കഠിനപ്രയത്നം ചെയ്തുകൊണ്ടിരിക്കുന്നു.

ഒന്നുമാത്രം മനസ്സിലായി – മതദൈവങ്ങൾക്കും ആൾ ദൈവങ്ങൾക്കും ഒന്നും ചെയ്യാൻ കഴിയില്ലെന്ന്. പ്രാർത്ഥിക്കണമെങ്കിൽ ഒരു പ്രത്യേക സ്ഥലത്ത് പോകണം എന്നില്ലാതായി. രക്തബന്ധങ്ങളുടെ സാമൂഹിക പ്രതിബദ്ധതകൾക്കും മാനുഷിക മൂല്യങ്ങൾക്കും പ്രസക്തിയില്ലാതായി. എന്തിനേറെ; മരണത്തിനു പോലും വാർത്താപ്രാധാന്യം നഷ്ടപ്പെട്ടിരിയ്ക്കുന്നു! ആ പഴയ കവിവാക്യം അന്വർത്ഥകമായിരിക്കുന്നു – "ഇന്നു ഞാൻ നാളെ നീ....."

സ്വന്തം നാടുതന്നെയാണ് ഏറ്റവും വലിയ മൂലധനമെന്ന തിരിച്ചറിവ് വളർന്നിരിക്കുന്നു. കൃഷിയാണ് നിലനില്പിന്റെ അടിസ്ഥാനം എന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. മണ്ണ് എല്ലാം തരുന്നു. വളവും പ്രതീക്ഷയും ആരോഗ്യവും ജീവിതമാർഗ്ഗവും.

ഇനി ഒന്നേ ചെയ്തു കാണിക്കാനുള്ളൂ – കോവിഡിനൊടൊത്തുള്ള ജീവിതവും, ജീവിത അവലംബമായി കൈവരിക്കേണ്ടതായ, ചുറ്റുപാടുകളോട് ചേർന്നുള്ള ദുരഭിമാനം വെടിഞ്ഞ സമീപനവും. മറ്റൊന്ന് മറക്കേണ്ട – മാസ്ക്കും സോഷ്യൽ ഡിസ്റ്റൻസും.

●

# തിരുവെഴുത്തുകൾ യാഥാർത്ഥ്യമാകുമ്പോൾ

ട്രീസ ജോളി

ജീവിതനൗക കരയോടടുക്കാൻ ഇനി അധികമില്ലെന്നു ആശ്വസിക്കുമ്പോഴാണു, ഇതല്ല നീ പിന്നിടേണ്ടിയിരുന്ന പാത, മറിച്ച് ഒട്ടും ആയാസപ്പെടാതെ, ഒരു കുറുക്കുവഴിയുണ്ടെന്ന് പറയാതെ പറയാൻ, പഠിപ്പിക്കാൻ കോവിഡ് 19ന് സാധിച്ചു.

ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ട് നൂറിലധികം ദിവസം പിന്നിടുമ്പോൾ ഏതൊരു സർവ്വകലാശാലയ്ക്കും നൽകാനാകാത്ത ജീവിതാനുഭവ സർട്ടിഫിക്കറ്റാണു കോവിഡ് 19 എന്ന ഹ്രസ്വകാലകോഴ്സ് സമ്മാനിച്ചത് എന്ന് ഞാനറിഞ്ഞു.

മാർച്ച് 24ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതുമുതൽ അവശ്യസർവ്വീസുകളായ പത്രം, പാൽ, ആശുപത്രി എന്നിവ പോലുള്ളതെല്ലാം നിർത്തിവെച്ചിരിക്കുന്നു. താഴിട്ടു പൂട്ടിയ ഗെയ്റ്റ് ഒന്നു ചലിപ്പിക്കാൻ പോലും ആരും വന്നില്ല. ഇന്റർനെറ്റ് വഴി മാധ്യമങ്ങളിലൂടെ കോവിഡ് 19ന്റെ വ്യാപ്തിയുടെ ഏറ്റകുറവുകൾ വാർത്തകൾക്കും ചർച്ചകൾക്കും വിഷയമാകുന്നത് അറിഞ്ഞുകൊണ്ടേയിരുന്നു. അടച്ചുപൂട്ടലുകൊണ്ട് ഇതിനെ ചെറുക്കാൻ പരിശ്രമിക്കുന്നുമുണ്ട്. ഇളവുകൾ വരുത്തിയിട്ടുണ്ടെങ്കിലും ഒരുമാതിരിപ്പെട്ടവർക്ക് വീട് തന്നെ ശരണം. മഹാമാരിയിൽ ഒറ്റപ്പെട്ടുപോയ തുരുത്താണിത്. പുറമേയുള്ള ആരുമായും പ്രത്യക്ഷബന്ധമില്ല. കുട്ടികൾ പതിവായി കളിക്കാനെത്താറുള്ള വീടിനു പുറകുവശത്തുള്ള പറമ്പിൽ കീരിയും പാമ്പും മയിലും യഥേഷ്ടം ചരിക്കുന്നതു കാഴ്ചയാകുന്നു.

കുടുംബം ദേവാലയമായി. അടച്ചിട്ട മുറികളിലാണ് പ്രാർത്ഥിക്കേണ്ടതെന്ന തിരുവെഴുത്തുകൾ യാഥാർത്ഥ്യമാകുന്നതും ഞാനറിഞ്ഞു.

മറുകൈ അറിയാതെ ദാനം ചെയ്യാൻ വിവിധ ബാങ്കിങ്ങ് ആപ്പുകൾ ഒരുവശത്ത്. വന്നില്ലെന്നോ പോയില്ലെന്നോ പരാതിപ്പെടാതെ ബന്ധനങ്ങളില്ലാത്ത ബന്ധങ്ങളുടെ ഊഷ്മളതയും അറിഞ്ഞുകൊണ്ടേയിരിക്കുന്നു. ബന്ധുക്കളുടെ ആഘോഷങ്ങൾ ഒരു ഫോൺ വിളിയിലൂടെ ഒരറിയിപ്പായി മാത്രം ചുരുങ്ങിയപ്പോൾ വീട്ടിലിരുന്നുതന്നെ ഫോണിലൂടെ തന്നെ അവർക്കു മംഗളങ്ങൾ ആശംസിക്കാനും മനസ്സിനെ പരുവപ്പെടുത്തിയിരിക്കുന്നു. പുതുവസ്ത്രങ്ങളോ യാത്രാചെലവുകളോ വേണ്ടാതായിരിക്കുന്നു. ചെയ്തുകൂട്ടിയതെല്ലാം ഒരു പരിധിവരെ പാഴ്ചെലവുകളായിരുന്നുവെന്ന് വൈകിയാണെങ്കിലും അറിഞ്ഞതും ഈ കാലയളവിൽ തന്നെ.

ചിലപ്പോൾ ദിവസവും തിയ്യതിയും അറിയാൻ കലണ്ടറിൽ തന്നെ പലവുരു മുന്നോട്ടും പിന്നോട്ടും വിരലുകൾ പരതികൊണ്ടിരിക്കുന്നു. വർക്ക് ഫ്രം ഹോമിൽ ഉള്ള മകനും കുടുംബവും കൂടെയുള്ളത് അല്പം ആശ്വാസമാകുമ്പോൾ, വരാൻ കഴിയാത്ത മകനേയും കുടുംബത്തേയും ഓർത്ത് വ്യാധിയും ഉണ്ട്. ഓൺ ലൈൻ പേമെന്റിലൂടെ അവശ്യവസ്തുക്കൾ വാങ്ങുന്നത് ഒരു ശീലമായിട്ടുണ്ട്. പുലർവെട്ടം (ഫാ. ബോബി ജോസ് കട്ടിക്കാട്ട്) പോലുള്ള ഫേസ്ബുക്ക് പേജുകൾ പങ്കുവെച്ചുകൊണ്ടിരിക്കുന്ന, ഭാരമില്ലാത്ത, ദീപ്തമായ ചിന്തകൾ മനസ്സിനു നൽകുന്ന ആശ്വാസം വലുതാണ്.

●

# കൊറോണക്കാലം – ഒരു റിപ്പോർട്ട്

•

**അഖിൽ വത്സരാജ്**
**സ്റ്റുഡൻസ് ഇൻ പാലിയേറ്റീവ് കെയർ**

ലോകവും ഇന്ത്യയും ഇന്ന് കൊറോണ അഥവാ കോവിഡ് –19 ഭീതിയകലാതെ പൊരുതികൊണ്ടിരിക്കുകയാണ്. ഈ മഹാമാരിയെ എങ്ങനെ നേരിടണമെന്നറിയാതെ പകച്ചുനിൽക്കുകയാണ് വൻകിട രാജ്യങ്ങളിൽ പലതും. ചൈനയിൽ ഉത്ഭവിച്ച കൊറോണ വൈറസ് കേരളത്തിലെ നാട്ടിൻ പുറങ്ങളിൽ പോലും എത്തിയിരിക്കുന്നു. ഭീതിയല്ല ജാഗ്രതയാണ് വേണ്ടതെന്ന് നമ്മുടെ സർക്കാർ പറയുമ്പോഴും വർധിക്കുന്ന രോഗസംഖ്യ നമ്മെ തീർച്ചയായും ആശങ്കപ്പെടുത്തുന്നുണ്ട്. ലോക്ക്ഡൗൺ എന്ന ആശയം അഥപ്രക്രിയയുടെ നടത്തിപ്പിലൂടെ നമ്മുക്ക് രോഗവ്യാപനത്തെ തടയുവാൻ സാധിച്ചെങ്കിലും പൂർണരോഗമുക്തി എന്ന സ്വപ്നം വിദൂരങ്ങളിലാണ്. ലോക്ക്ഡൗൺ ഘട്ടം ഘട്ടമായി നാം പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. കാരണം പൂർണമായി വിവിധ മേഖലകൾ അടച്ചിടുമ്പോൾ കഠിനമായ സാമ്പത്തികമാന്ദ്യം രാജ്യം നേരിടേണ്ടി വരുന്നു. ഇനിയുള്ള കാലഘട്ടത്തിൽ നാം പുറത്തിറങ്ങേണ്ടിവരും. കാരണം എന്നും അടച്ചുപൂട്ടി വീട്ടിലിരിക്കുക എന്നത് അസാധ്യമാണ്. എന്നാൽ നിലനിൽക്കുന്ന കോവിഡ് സാഹചര്യങ്ങൾ കണക്കിലെടുത്ത് വിവിധ ജാഗ്രത മാർഗനിർദ്ദേശങ്ങൾ അനുസരിച്ചു വേണം ഭാവിയിൽ പുറത്തിറങ്ങുവാൻ. നാം ചെയ്യുന്ന പലവിധ പ്രക്രിയകൾക്കും ബദൽ മാർഗങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു. അതിൽ സുപ്രധാ

നമായത് മാസ്ക് ധരിക്കലാണ്. പൊതുസ്ഥലങ്ങളിലും പൊതുഇടപെടലുകൾ ഉണ്ടാകുന്നയിടങ്ങളിലും മാസ്ക് ധരിയ്ക്കൽ നിർബന്ധമാണ്. പുറത്തുപോകുമ്പോൾ ബാഗുകളിലും പോക്കറ്റിലും സാനിറ്റൈസർ കരുതുകയും സാനിറ്റൈസർ ഉപയോഗിച്ചും സോപ്പ് ഉപയോഗിച്ചും നിരന്തരം കൈ കഴുകുകയും ചെയ്യണം. വളർന്നുകൊണ്ടിരിക്കുന്നസാങ്കേതിക മേഖലയെ നമ്മുക്ക് തുടർന്നുള്ള കാലഘട്ടത്തിൽ ഉപയോഗിക്കാവുന്നതാണ്. അതിന്റെ ഭാഗമായിട്ടാണ് ഓൺ ലൈനിലൂടെയും ടിവിയിലൂടെയും ക്ളാസ്സുകൾ എടുക്കുന്ന സംവിധാനത്തിലേയ്ക്ക് നാം മാറിയിരിക്കുന്നത്. തീർച്ചയായും ഇവ സ്ക്കൂൾ വിദ്യാഭ്യാസത്തിന് പകരമാവില്ലെങ്കിലും ഇത്തരം വിദ്യാഭ്യാസ സമ്പ്രദായം ബദൽ മാർഗ്ഗമായി ഉപയോഗിക്കാവുന്നതാണ്. ഫോണും ടിവിയും ഇല്ലാത്ത സാധാരണക്കാർക്ക് ഇത്തരം സൗകര്യങ്ങൾ എത്തിക്കേണ്ടത് സർക്കാരിന്റെയും സമൂഹത്തിന്റെയും ബാധ്യതയാണ്.

* ഇത്തരത്തിൽ നാം വീട്ടിൽ ഇരിക്കുകയും സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ കഴുകുമ്പോഴും അമിതമായി വെള്ളവും കറന്റും നാം ഉപയോഗിക്കുന്നു. പലരും അവ കൂടുതലായി പാഴാക്കുകയും ചെയ്യുന്നു. ഇത് ശ്രദ്ധിക്കേണ്ടതാണ്.

* മാസ്കിന്റെ നിർമ്മാണം പ്രത്യേകിച്ചും കോട്ടൺ തുണികൊണ്ടുള്ള മാസ്ക് നിർമ്മാണം വീടിനോട് ചേർന്ന് ചെറിയ കച്ചവട യൂണിറ്റുകൾക്ക് സർക്കാർ നല്കുകയാണെങ്കിൽ തീർത്തും വരുമാനമില്ലാത്ത ഈ വേളയിൽ അവർക്ക് ഇതൊരു വരുമാന മാർഗ്ഗമാവും.

* ഓഫീസ് ജോലികൾ വീട്ടിൽ തന്നെ എന്ന ആശയമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് തുടർന്നും നടപ്പിലാക്കാം. 50% ജോലിക്കാരെ വച്ച് കമ്പനികൾ തുടങ്ങുമ്പോൾ ജോലി ചെയ്യിപ്പിക്കാം. അടുത്ത 50% ഓഫീസിൽ വരുമ്പോൾ ബാക്കിയുള്ളവർ വീട്ടിൽ ഇരുന്ന് ജോലി ചെയ്യുകയാണെങ്കിൽ അമിത സമ്പർക്കം ഒഴിവാക്കാം.

* കോവിഡിന് ശേഷം വരുന്ന വിവാഹവും സൽക്കാരങ്ങളും ലളിതമായിരിക്കണം. ലളിതം മനോഹരം എന്ന ആശയത്തിൽ ജനങ്ങൾ തമ്മിലുള്ള അമിത സമ്പർക്കം ഒഴിവാക്കിയുള്ള വിവാഹങ്ങൾ നടത്താൻ വീട്ടുകാർ തന്നെ മുൻകൈ എടുക്കണം.

* വീട്ടിലിരുന്ന് ലോക്ക് ഡൗൺ സമയങ്ങളിൽ നാം നമ്മുടെ പല വഴികളും വികസിപ്പിച്ചെടുത്തു. പലരും അവരുടെ കഴിവുകൾ പൊടി തട്ടി. ഇത്തരത്തിൽ ഓരോ തരം കഴിവുകളുള്ളവർ കൂട്ടമായി വാട്സ് ആപ്പ്, ഫെയ്സ് ബുക്ക് തുടങ്ങിയ മേഖലകളിൽ ഗ്രൂപ്പ് തുടങ്ങി ഒരുമിച്ച് അവകളെ വരുമാനമാർഗമാക്കി. വീട്ടിലിരുന്ന് പണമുണ്ടാക്കാം.

* പാലിയേടീവ് കെയർ ഡോക്റ്റർമാർ,നഴ്സുമാർ, ഹെൽത്ത് വർക്കേഴ്സ് തുടങ്ങിയവരാണ് ഇപ്പോൾ ഏറ്റവും വലിയ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നത്. അവർക്ക് സാമൂഹിക സമ്പർക്കം ഒഴിവാക്കാനാവുന്നതല്ല. അതിനാൽ എപ്പോഴും അകലം പാലിക്കാനും തന്റേതായ രീതിയിൽ ശ്രദ്ധിച്ചും ഓരോരുത്തരും പ്രവർത്തിക്കണം.

●

# കോവിഡ് -19
# ലോക്ക്ഡൗൺ അനുഭവങ്ങൾ

**ഹെലൻ തമ്പി**

20.3.2020 മുതൽ ഇന്നുവരെയും നമ്മൾ താമസിയ്ക്കുന്ന വിടിന്റെ മതിൽകെട്ടിനുള്ളിൽ ജീവിതം രാവിലെ തുടങ്ങുന്നു. ഭക്ഷണം പാചകം ചെയ്യുക - ഭക്ഷണം കഴിയ്ക്കുക - ഭരത്താവും മക്കളും കൊച്ചു മക്കളുമായി കൊച്ചുവർത്തമാനം പറയുക (മക്കൾ വീട്ടിലുണ്ടെങ്കിൽ) രാത്രിയാകുന്നു. പിന്നെ ഗുഡ്നൈറ്റ്. ഓരോ ദിവസവും ഇതിന്റെ ആവർത്തനം തന്നെ.

2007 ആഗസ്റ്റ് മുതൽ ഞാൻ പെയിൻ ആന്റ് പാലിയേറ്റീവിലെ വളണ്ടിയർ ആണ്. പക്ഷെ, കൊറോണയെ ഭയന്ന് പുറത്തിറങ്ങുവാൻ ആരും അനുവദിയ്ക്കാറില്ല. ആദ്യമാദ്യം ക്ളിനിക്കിൽ പോകുമ്പോൾ - എനിക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ എന്ന് വിചാരിച്ചിരുന്നു. കുറച്ചുകഴിഞ്ഞപ്പോഴേയ്ക്കും ഒരു ദിവസം പോലും പോകാതിരിയ്ക്കുവാൻ കഴിയുകയില്ലെന്ന അവസ്തയായി. ക്ളിനിക്കിന്റെ അടിത്തറ പാകിയ ദിവാകരൻ സർ, അരവിന്ദാക്ഷൻ സർ, ഉണ്ണികൃഷ്ണൻ സർ, ഗോകുൽദാസ് സർ, രാധേടത്തി ഇവരൊക്കെ വളരെ കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് ഇങ്ങനെയൊരു സ്ഥാപനം തുടങ്ങുവാനുണ്ടായ ചേതോവികാരത്തെ എത്രയും ബഹുമാനത്തോടും സ്നേഹത്തോടും കൂടി ഓർക്കുന്നു. എന്തുമാത്രം മാനസിക സംഘർഷവും കഠിനാദ്ധ്വാനവും ഇതിനുപുറകിലുണ്ടെന്നുള്ളത് ചുരുക്കം ചിലർക്കെങ്കിലും അറിയാം. 2008 നവംബർ മാസത്തിൽ ഐപി തുടങ്ങിയപ്പോഴും പിന്നീടങ്ങോട്ടുള്ള വളർച്ചയിലും നമ്മുടെ സ്വന്തം വീട്ടിൽ ഓരോന്നും നേടിയെടുക്കുന്ന സന്തോഷമായിരുന്നു. ക്ളിനിക്കിൽ പോകുമ്പോൾ നമുക്ക് അസുഖങ്ങളില്ല. വേദനകളില്ല. മാനസിക സംഘർഷങ്ങളില്ല. ഉണ്ടെങ്കിൽ തന്നെ അതെല്ലാം മറന്നുപോകും. കുട്ടികൾ സ്കൂളിൽ പോകുന്നതുപോലെ ഏകദേശം 10 മണിയോടെ വീട്ടിലേക്ക് തിരിച്ചുവരുന്നു. സ്ത്രീപുരുഷഭേദമില്ലാതെ വളരെ സ്വാതന്ത്ര്യത്തോടും സ്നേഹത്തോടും കൂടിയുള്ള അവിടത്തെ കൂട്ടായ്മ മറ്റുള്ളവർക്ക് പറഞ്ഞാൽ മനസ്സിലാവില്ല. അതനുഭവിച്ചറിയണം. ഞങ്ങളുടെ ഡോക്ടേഴ്സ് ആണെങ്കിലോ വളരെ ആത്മാർത്ഥതയും സ്നേഹവും ഉള്ളവരാണ്. ഡോ. സജിത എടുത്തുപറയേണ്ട ഒരു വ്യക്തിത്വം തന്നെയാണ്. ഒട്ടും ദ്വേഷ്യം വരാത്ത എപ്പോഴും പുഞ്ചിരിക്കുന്ന ഞങ്ങളുടെ രോഗികൾക്കും ക്ളിനിക്കിനും വേണ്ടി ദൈവം സൃഷ്ടിച്ച ഒരു കുട്ടിയാണെന്നുള്ളത് പറയാതെ വയ്യ. രോഗികളോടുള്ള ഇടപെടലും അവരോടുള്ള കുശലാന്വേഷണവും മറക്കുവാൻ കഴിയുകയില്ല. എന്നാൽ ഇപ്പോൾ വരുന്ന വേദനയനുഭവിക്കുന്ന മനുഷ്യരെ കാണുവാനോ അവരെയൊന്ന് സാന്ത്വനിപ്പിക്കുവാനോ അവരുടെ വിഷമങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കുവാനോ കഴിയാത്ത ഞങ്ങളുടെ നിസ്സഹായവസ്ഥ ഉള്ളിലൊതുക്കുവാനല്ലാതെ എന്തുചെയ്യുവാൻ കഴിയും.

സ്ഥിരമായിട്ട് വരുന്ന സന്നദ്ധപ്രവർത്തകരെ

ഒരു ദിവസം കണ്ടില്ലെങ്കിൽ അവരെ കളിയാക്കലും കൊച്ചുകൊച്ചുതമാശകളും അന്വേഷണങ്ങളുമായി ഓരോ ദിവസവും കടന്നുപോയിരുന്നു. സ്റ്റാഫിനോടും സ്നേഹമായിരുന്നു. കഴിഞ്ഞുപോയ നല്ല ദിവസങ്ങൾ ഇപ്പോൾ അയവിറക്കുകയാണ്.

സാമ്പത്തിക മാന്ദ്യം ഞങ്ങളെയും ബാധിച്ചിട്ടുണ്ട്. ബോക്സ് കളക്ഷൻ ഇല്ലെന്നുതന്നെ പറയാം. സഹൃദയരായ മനുഷ്യർ എന്നും ഞങ്ങളോടൊപ്പമുണ്ട്. അവരുടെയൊക്കെ സഹായംകൊണ്ടാണ് ഇന്നും ക്ളിനിക്ക് മുന്നോട്ട് പോകുന്നത്. അവരുടെ നല്ലമനസ്സിനെ നന്ദിയോടെ സ്മരിക്കുന്നു. ഓരോ ദിവസവും "കൊറോണ" എന്നാണ് രാജ്യം വിട്ടുപോകുന്നതെന്ന് ആലോചിക്കും. പഴയതുപോലെ എന്നാണ് എല്ലാവരേയും ഒന്നു കാണുന്നത്. കഴിഞ്ഞുപോയ സന്തോഷത്തിന്റെ നാളുകൾ എത്രയും പെട്ടെന്ന് തിരിച്ചുവരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

സ്കൂൾ തുറക്കുന്ന അവസരത്തിൽ യൂണിഫോമും ബാഗുമായി കാത്തിരിക്കുന്ന കുഞ്ഞുങ്ങളെപ്പോലെ ഞങ്ങളും കാത്തിരിക്കുന്നു. ആ നല്ല ദിവസത്തിനുവേണ്ടി.

●

# മാറുന്ന കാഴ്ചപ്പാടുകൾ

**ആൽബിൻ ജോസ്**

കൊറോണ കാലം മനുഷ്യനെ വീണ്ടെടുത്ത ഒരു കാലഘട്ടമായി തോന്നുന്നു. ഈ നൂറ്റാണ്ടിലെ ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയുംഅതിവേഗമേറിയ വളർച്ചയ്ക്ക് ഒരു തിരിച്ചടിയായി നിന്ന പ്രതിഭാസം. ഒരു കുഞ്ഞു വൈറസിനു നമ്മളേവരേയും നിശ്ചലരാക്കാൻ സാധിക്കുമെന്ന വലിയ സത്യം. ആ സത്യം വാക്കിങ്ങ് വോൾക്കാൻസ് ആയ നമുക്ക് ഏവർക്കും ഒന്നു ശാന്തമാവാനും അവസരം തന്നു. ആഴി പോലെ ഇളകി മറിഞ്ഞ മനസ്സുകൾ ശാന്തമായി കിടക്കുന്നു. ശരവേഗത്തിൽ പാഞ്ഞു നടന്ന നമുക്ക് മനസ്സിലായി ഈ കെട്ടുകാഴ്ചകളും കോലാഹലങ്ങളും മനുഷ്യന്റെ അസ്ഥിത്വത്തിനു ഒന്നുമേ അല്ല എന്ന്. ദൈവവും ദൈവവിശ്വാസങ്ങളും കൂടിയോ കുറഞ്ഞോ അതോ ആ സങ്കല്പങ്ങൾക്ക് മാറ്റം സംഭവിച്ചോ എന്നതും ഒരു വലിയ ചോദ്യം തന്നെ. കാഴ്ചപ്പാടുകൾ മാറിയിരിക്കുന്നു.

ചുറ്റുമുള്ള അപസ്വരങ്ങൾ എല്ലാം ഒതുങ്ങി മനുഷ്യർ അവശ്യകാര്യങ്ങളെകുറിച്ച് മാത്രം സംസാരിക്കാനും, ചിന്തിക്കാനും, ചെയ്യാനും തുടങ്ങിയിരിക്കുന്നു. ആഘോഷങ്ങളെക്കുറിച്ച് മലയാളികൾക്ക് ആറ് മാസം മുമ്പുണ്ടായിരുന്ന കാഴ്ചപ്പാടുകളെ അരനൂറ്റാണ്ടു പിന്നിലേയ്ക്ക് ആക്കാൻ സോപ്പിട്ടാൽ ഇല്ലാതാകുന്ന വൈറസിനു സാധിച്ചു. ലളിതജീവിതം മനുഷ്യനു തരുന്ന ആനന്ദം എന്താണെന്നു ഭൂരിഭാഗത്തിനും തിരിച്ചറിവുണ്ടായി. ജീവിക്കാൻ വേണ്ടി എന്തുജോലിയും ചെയ്യാം എന്ന് യുവതലമുറയും പഠിച്ചു.

ലഹരിയുടെ ഇരുണ്ട ലോകത്ത് ജീവിച്ചിരുന്ന ചിലരെങ്കിലും വെളിച്ചത്തിലേയ്ക്ക് തിരിച്ചെത്തി. കണ്ണുനീരൊഴുക്കിയിരുന്ന ചില അമ്മമാരുടെയും, ഭാര്യമാരുടെയും, മക്കളുടെയും കണ്ണുകളിൽ ചെറുചിരിയുടെ തിളക്കവും ഈ ലോക്ക്ഡൗൺ കാലം സമ്മാനിച്ചു.

ഭാഗികമായ നഷ്ടങ്ങളുടെ കാലഘട്ടമാണെങ്കിലും മനുഷ്യന്റെ അന്തസത്തയെ പുഷ്ടിപ്പെടുത്തുന്ന നല്ല ദിവസങ്ങളും കൂടെയാണിത്. മനുഷ്യന്റെ പരിധിയെയും നിസ്സഹായാവസ്ഥയെയും കാണിച്ചു തന്നു. അതോടൊപ്പം വേഗമേറിയ കാലുകളെ പിടിച്ചു കെട്ടി.

ഏറ്റവും പ്രധാനമായി ഈ കൊച്ചു കേരളത്തിന്റെ സംസ്കാരവും, സാഹോദര്യവും, സാമൂഹിക പ്രതിബദ്ധതയും ലോകരാഷ്ട്രങ്ങൾക്ക് മുന്നിൽ ഏറ്റവും മഹോന്നതമായി. വ്യക്തി സ്വാതന്ത്ര്യം, വ്യാവസായിക വളർച്ചയും, സാങ്കേതിക വളർച്ചയും ഒന്നുമല്ല മനുഷ്യന് കെട്ടുറപ്പേകുന്നത് അതവന്റെ സാമൂഹിക ജീവിതമാണെന്നും, സമൂഹത്തിന്റെ കെട്ടുറപ്പിനാണ് പ്രാധാന്യം എന്നും നമുക്ക് തുറന്നുകാട്ടി. കുടുംബങ്ങളും, അയൽപക്കങ്ങളും കൈകോർക്കുമ്പോൾ നമുക്ക് പലതിനേയും തോൽപിക്കാനാവുന്നു.

ലളിതമായി ജീവിക്കുക എങ്ങനെയെന്നു കൊറോണ നമുക്ക് പഠിപ്പിച്ചു തന്നു.

●

Quarterly of **PAIN AND PALLIATIVE CARE SOCIETY, THRISSUR**
(Private circulation only)

# കാരുണ്യത്തിലൂന്നുന്ന മനുഷ്യാവകാശ പ്രവർത്തനമാണ് സാന്ത്വനപരിചരണം

*This issue sponsored by*

**Sri Vari Automotives**
**Karunakaran Nambiar Road, Thrissur**

From

Address : ........................................................................
..........................................................................................
..........................................................................................
..........................................................................................

Rs: .............................. (Rupees .................................................................... only)
by cash / cheque / DD No. ............................................ dated ...............................
**as donation** in favour of Pain and Palliative Care Society, Thrissur. You may also transfer to our SB A/c **7752500100057301** with Karnataka Bank Ltd., Round East, Thrissur, Kerala - 680 001. Branch, **IFSC Code: KARB0000775**

The Secretary
**Pain and Palliative Care Society**
Old District Hospital Building
Thrissur - 680 001

*Donation to the Society are exempted from Income Tax under Section 80G.*

Printed and Published by Pain and Palliative Care Society, Thrissur. Phone : **94471 30271 (Indira Gopinath)**
Printed at iMAC Creations, Thrissur - 680 001. Ph : 9847039339. Managing Editor : Secretary, PPCS